Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 5 No. 8, 15 August 2017

എഡിറ്റോറിയൽ

അഭിനന്ദനങ്ങൾ

മലങ്കര സഭയിലെ വ്യവഹാര പരമ്പരയ്ക്ക് 2017 ജൂലായ് 3-ലെ സുപ്രീംകോടതി വിധിയോടെ ഏറെക്കുറെ സമാപനം ആയിരിക്കുകയാണല്ലോ. 1995-ൽ ഇതേ കോടതിയിൽ നിന്നുണ്ടായ വിധിയുടെ ചില സ്പഷ്ടീകരണങ്ങളും വിശദീകരണങ്ങളും മാത്രമാണ് യഥാർത്ഥത്തിൽ ഈ വിധിയിലുള്ളത്. 1995-ലെ വിധി ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കിയിട്ടുള്ളവർക്ക് പുതിയ വിധിയിൽ ഒട്ടും തന്നെ അസാധാരണത്വമോ അപാകതയോ തോന്നാനിടയില്ല. കാരണം, ഭദ്രാസന നേതൃത്വം 1995-ലെ വിധിയുടെ വ്യക്തമായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ഫലവ്യാപ്തി (impact) യുമെല്ലാം നൂറുശതമാനം വ്യക്തതയോടെ ഈ പ്രസിദ്ധീകരണം വഴി സഭാംഗങ്ങൾക്ക് മുൻകൂട്ടി നൽകിയിട്ടുള്ളതാണ്. അവയോട് യാതൊരു പൊരുത്തക്കേടും പുതിയ വിധിയിൽ ആർക്കും ചൂണ്ടിക്കാണിക്കാനാവില്ല എന്നുള്ളത് ഭദ്രാസന നേതൃത്വത്തിന്റെ വിശ്വാസ്യത പൂർണ്ണമാക്കുന്നു.

1995-ലെ സുപ്രീംകോടതി വിധി സഭയിലെ ഒരു കക്ഷിക്കും വിജയം പ്രഖ്യാപിക്കുന്നതല്ലെന്നും നേരേ മറിച്ച് ഇരുകക്ഷികളും ഐക്യപ്പെട്ട് ഏക സഭയായി മുന്നോട്ട് പോകുവാൻ ലക്ഷ്യം വച്ചിട്ടുള്ളതാണ് എന്നുമുള്ള വസ്തുത പലവട്ടം ഈ പംക്തികളിൽ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ്. 1995-ൽ വിധി പ്രഖ്യാപനം നടന്ന ദിവസം വരെ സഭയിൽ ഇരുപക്ഷത്തുമുണ്ടായിരുന്ന മേൽപ്പട്ടക്കാരിലൊ പട്ടക്കാരിലൊ ആർക്കെങ്കിലും ഈ വിധി അയോഗ്യതയോ വിവേചനമോ കല്പിച്ചിട്ടില്ല എന്നുള്ളത് ഇപ്പറഞ്ഞ കാര്യത്തിന് മതിയായ തെളിവാണ്. സഭയിലെ അതത് പദവിയിലുള്ള അംഗത്വത്തിന് ഒരേയൊരു ഉപാധി മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1934-ലെ സഭാഭരണഘടന എല്ലാവരും അംഗീകരിച്ചിരിക്കണം എന്നതായിരുന്നു അത്. ഭരണ ഘടനയുടെ കാര്യത്തിൽ ഒരു തെരഞ്ഞെടുപ്പ് (choice) സാധ്യത ഉണ്ടായിരുന്നില്ല. കാരണം, അന്നുവരെ സഭയ്ക്ക് ഒരു ഭരണഘടനയേ ഉണ്ടായിരുന്നുള്ളൂ. അത് യോജിച്ച സഭയിൽ പ്രാബല്യത്തിൽ ഇരുന്നതും ആയിരുന്നു. അതുകൊണ്ട് ബഹു. കോടതിയുടെ തീരുമാനം ഏകപക്ഷീയമെന്ന് കാണാൻ സാധ്യമല്ല.

1934-ലെ സഭാഭരണഘടനയുടെ അനിഷേധ്യതയാണ് പാത്രിയർക്കീസ് വിഭാഗത്തിൽ പരാജയബോധം സൃഷ്ടിച്ചത്. കോടതി നിർദ്ദേശപ്രകാരം പാത്രിയർക്കീസ് പക്ഷത്തുണ്ടായിരുന്ന എല്ലാ മെത്രാപ്പോലീത്തമാരും 1934-ലെ സഭാ ഭരണഘടനയോട് വിധേയത്വം പ്രഖ്യാപിച്ച് സമ്മതപത്രം നൽകി സഭയിൽ അവരുടെ പദവി നിലനിർത്തി. എന്നാൽ കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ.തോമസ് മാർ അത്താനാസ്യോസ് ഉൾപ്പടെ മൂന്ന് പേർ ഒഴികെ മറ്റുള്ളവർ പിൽക്കാലത്ത് അവരുടെ പ്രതിജ്ഞ ലംഘിച്ച്, 2002-ൽ തങ്ങളുടെ അനുയായികളോടൊപ്പം 'യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ' എന്ന പുതിയ സഭ രജിസ്റ്റർ ചെയ്ത് മലങ്കര സഭ വിട്ടു. ഇതിനോടകം തന്നെ അവർ ബലപ്രയോഗം വഴി കഴിവുള്ളിടത്തോളം പള്ളികൾ കയ്യടക്കി അവകാശ സംരക്ഷണവാദമുയർത്തി നിയമ

EDITORIAL BOARD

President
H. G. Dr. Thomas Mar Athanasius
Metropolitan

Chief Editor
Fr. Abraham Karammel

Mg.Editor
Mr. P. J. Varghese

Associate Editors
Fr. Kochuparambil Geevarghese Ramban
Fr. Aby Ulahannan

Technical Adviser
Mr. George Paul

Members
Fr. Marydas Stephen
Fr. Alias Kuttiparichel
Fr. Shibu Kurian
Prof. Dr. M. P. Mathai
Mr. A. G. James
Mrs. Jiji Johnson

www.kandanadeast.org

ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
അഭിനന്ദനങ്ങൾ 1

ഇടവക മെത്രാപ്പോലീത്തായുടെ കല്പന 3

സുപ്രീം കോടതിവിധി, വിഭജനത്തിനല്ല, ഐക്യത്തിന് 5
ഡോ. തോമസ് മാർ അത്താനാസ്യോസ്

സത്യമാണ് വ്യക്തിയല്ല പ്രധാനം 12
ഡോ. തോമസ് മാർ അത്താനാസ്യോസ്

ചുമതല പങ്കുവയ്ക്കുന്ന നേതൃത്വം 13
ഡോ. തോമസ് മാർ അത്താനാസ്യോസ്

എക്യുമെനിസം 16
ഫാ. ബിനോയി ജോൺ

യുദ്ധത്തിലേർപ്പെട്ടു. എന്നാൽ ഡോ. തോമസ് മാർ അത്താനാസ്യോസ് ഉൾപ്പടെ മൂന്നു മെത്രാപ്പോലീത്താമാരും അനുയായികളും പ്രതിജ്ഞ പാലിച്ച് മാതൃസഭയുടെ ഭാഗമായി തുടർന്നു.

എന്നാൽ അവർക്ക് യാക്കോബായക്കാരിൽ നിന്ന് സഹിക്കേണ്ടിവന്ന അവഹേളനങ്ങൾക്കും, അക്രമങ്ങൾക്കും കയ്യേറ്റങ്ങൾക്കും കയ്യുംകണക്കുമില്ലായിരുന്നു. അവരുടെ ഭദ്രാസനങ്ങളിലെ ഇടവകപ്പള്ളികൾ യാക്കോബായക്കാർ യുദ്ധക്കളങ്ങളാക്കി മാറ്റി. കണ്ടനാട് ഭദ്രാസനത്തിലെ മിക്ക പള്ളികളും അവർ കയ്യടക്കി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായോടൊപ്പം സഭൈക്യത്തിൽ പങ്കുചേർന്ന വൈദീകരേയും പള്ളികളിൽ പ്രവേശിപ്പിക്കാതിരിക്കുവാൻ അവർ സകലവിധ ഭീഷണികളും, അക്രമങ്ങളും പ്രയോഗിച്ചു. ഇത്തരത്തിൽ ഒരു സഭ നിലനിർത്താൻ സാധിക്കുമെന്ന വ്യാമോഹം അണികളിൽ വളർത്താൻ അവർക്കു സാധിച്ചു.

എന്നാൽ പഠിപ്പും വേദശാസ്ത്രബോധവും സഭയുടെ വിളിയും ദൗത്യവും സംബന്ധിച്ച ബോധ്യവുമുള്ള വൈദികരെ സ്വാധീനിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവർ ആ പിന്മാറ്റത്തിനു തയ്യാറാകാതെ ഭദ്രാസന മെത്രാപ്പോലീത്തയ്ക്കൊപ്പം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗമായി ഉറച്ചുനിന്നു. അതിന് അവർ സഹിക്കേണ്ടി വന്ന പീഡനങ്ങൾ കഠിനവും കിരാതവുമായിരുന്നു. ഒരു വൈദികനെ പാതിരാത്രിയിൽ പള്ളിമുറിയിൽ നിന്ന് ഒരു രോഗിക്ക് തൈലാഭിഷേകത്തിനെന്ന് കള്ളം പറഞ്ഞ് വിളിച്ചിറക്കി തല തല്ലിപ്പൊളിച്ചു. മറ്റൊരച്ചന്റെ മുറിയിൽ രാത്രിയിൽ സംഘം ചേർന്ന് വാതിൽ ഭേദിച്ചു കയറി അദ്ദേഹത്തെ തല്ലിച്ചതച്ചു. വി. കുർബ്ബാനയ്ക്കായി എത്തിയ മറ്റൊരച്ചനേയും ശുശ്രൂഷകരേയും പ്രഭാതത്തിൽ നടുറോഡിൽ തടഞ്ഞിട്ട് അവരുടെ കാറിന്റെ ചില്ലിനകത്ത് അവരുടെ ശരീരത്തിൽ തിളച്ചവെള്ളമൊഴിക്കുകയും അവരെ വാരിക്കുന്തം കൊണ്ട് കുത്തിമുറിവേൽപ്പിക്കുകയും ചെയ്തു. വേറൊരച്ചനെ പള്ളിമതിലിന് മുകളിലൂടെ ആഴത്തിലേക്ക് വലിച്ചെറിഞ്ഞു. മറ്റൊരു വൈദികൻ വി.കുർബ്ബാന അർപ്പിച്ചുകൊണ്ടിരിക്കെ ബലിപീഠത്തിലെ കുരിശ് എറിഞ്ഞുതെറിപ്പിച്ചു. മറ്റൊരു പുരോഹിതനെ ശവക്കോട്ടയിൽ വച്ച് ഗുണ്ടകൾ വളഞ്ഞ് ആക്രമിച്ചു. ഇങ്ങനെ എത്രയെത്ര ക്രൂരവും, നീചവുമായ ഉപദ്രവങ്ങളാണ് യാക്കോബായക്കാർ കഴിഞ്ഞ രണ്ട് ദശകങ്ങളിലേറെയായി ഐക്യവാദികൾക്കെതിരെ നടത്തിവരുന്നത്! എന്തിന്? ഇടവക മെത്രാപ്പോലീത്തായെ പുറത്താക്കുവാൻ വേണ്ടി പാതിരാത്രിയിൽ നൂറോളം പേർ ചേർന്ന് മൂവാറ്റുപുഴ അരമന ആക്രമിച്ചില്ലേ?

(ശേഷം 16-ാം പേജിൽ)

No. 16/2017

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ

ഡോ. തോമസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്ന്

പ്രിയപ്പെട്ട അച്ചനും ഇടവകാംഗങ്ങൾക്കും കർത്താവിൽ വാഴ്വ്.

പ്രിയരെ, സസ്നേഹം അറിയിക്കുന്നത്.

2017 ജൂലൈമാസം 3-ാം തീയതി മലങ്കരസഭയിലെ തർക്കം സംബന്ധിച്ച സുപ്രീംകോടതിയുടെ വിധി വന്നതിനുശേഷം നാം നമ്മുടെ ഭദ്രാസനത്തിലെ പള്ളികൾക്കെല്ലാം കോടതിവിധി അംഗീകരിച്ചുകൊണ്ട് ഐക്യത്തിലേക്ക് വരുവാൻ ക്ഷണിച്ചുകൊണ്ടുള്ള ഒരു സർക്കുലർ അയച്ചിരുന്നുവല്ലോ. എന്നാൽ ആ ഇടവകയിൽ നിന്ന് ഇതുവരെ അനുകൂല പ്രതികരണം ലഭിക്കാത്തതിനാൽ വീണ്ടും നിങ്ങൾക്ക് എഴുതേണ്ടി വന്നിരിക്കുകയാണ്.

കോടതിവിധി സംബന്ധിച്ച് വീണ്ടും തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ പ്രചാരണം ഉണ്ടാകുന്നത് നമ്മുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിങ്ങൾ സ്വന്തം ചിന്താശേഷി ഉപയോഗിച്ച് കോടതിവിധികൾ സ്വയമായി പഠിക്കുവാൻ ശ്രമിക്കുക. ഈ വിധി ഉണ്ടായത് കണ്ടനാട് ഭദ്രാസനത്തിലെ മൂന്ന് പള്ളികൾ സംബന്ധിച്ച് സുപ്രീംകോടതിയുടെ പരിഗണനയിലിരുന്ന അപ്പീലിലാണ് എന്നത് വസ്തുതയാണ്. എന്നാൽ ഈ വിധിയും 1995-ലെ സുപ്രീംകോടതിവിധിയും പ്രാതിനിധ്യ സ്വഭാവമുള്ള ഹർജികൾ ആയിരുന്നതിനാൽ സഭയിലെ സകല പള്ളികൾക്കും സ്ഥാപനങ്ങൾക്കും അംഗങ്ങൾക്കും ഇത് ബാധകമാണ് എന്ന് ജൂലൈ 3 ലെ സുപ്രീംകോടതി വിധിയിൽത്തന്നെ പറയുന്നുണ്ട്. സെമിത്തേരിയുടെ ഉപയോഗം പോലും സഭാഭരണഘടന അംഗീകരിക്കുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു എന്നതും പ്രത്യേകം ഓർക്കേണ്ടതാണ്. അതുകൊണ്ട് കോടതിവിധി ദുർവ്യാഖ്യാനം ചെയ്യുന്നവർക്ക് വഴിപ്പെടാതെ സഭാഭരണഘടനയോടും അതനുസരിച്ചുള്ള ഭരണക്രമീകരണങ്ങളോടും വിധേയപ്പെട്ട് വൈദീകർ എന്ന നിലയിലും ഇടവകാംഗങ്ങൾ എന്ന നിലയിലും ഇടവകയിൽ നിങ്ങൾക്കുള്ള അവകാശ-സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെടുത്താതെ സംരക്ഷിക്കുവാൻ സ്നേഹബുദ്ധ്യാ നാം നിങ്ങളെ ഉപദേശിക്കുന്നു. ഈ അറിയിപ്പിന് വിരുദ്ധമായി പ്രവർത്തിക്കാതിരിക്കുവാൻ നിങ്ങളുടെ നീതിബോധവും സഭാസ്നേഹവും സ്വതന്ത്രബുദ്ധിയും നിങ്ങൾക്ക് വഴികാട്ടിയാകട്ടെ. വികാരമല്ല, വിവേകമാണ് വിശ്വാസിയെ നയിക്കേണ്ടത് എന്ന് ഓർക്കുക.

സ്നേഹപൂർവ്വമായ ഈ ക്ഷണം നിങ്ങൾക്ക് അസ്വീകാര്യമാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിപരീതമായ നിലപാട് നിങ്ങൾ സ്വീകരിക്കുന്നപക്ഷം നിയമനടപടികളിലേക്ക് ഭദ്രാസനം പ്രവേശിക്കേണ്ടതായിവരും എന്നത് നിങ്ങൾ അറിഞ്ഞിരിക്കണം. അപ്രകാരം പ്രവർത്തിക്കുന്ന വൈദീകർക്കും ഭരണസംവിധാനത്തിനും പള്ളിയിൽ പ്രവർത്തിക്കുന്നതിന് കോടതിവഴി നിരോധനം ഏർപ്പെടുത്തി നിയമവാഴ്ച ഉറപ്പാക്കേണ്ടിവരും. അതിനെതിരെ അക്രമവും, ആൾബലവും ഫലപ്രദമാകുകയില്ല എന്ന് നിങ്ങൾക്ക് അറിയാമല്ലോ.

ഭരണഘടനയ്ക്ക് വിധേയപ്പെടാത്തവർ ഇടവകയുടെ പുറത്തു പോകേണ്ടിവരും. സഹകരിക്കുന്നവർ സഭയ്ക്കുള്ളിൽ നിന്ന് അവകാശങ്ങൾ നേടുകയും ചെയ്യും. ഇത് ചെയ്യുന്നത് ഇടവകയിൽ നിയ

മാനുസൃതമായ ഐക്യം പുനഃസ്ഥാപിക്കുന്നതിനും ഭരണഘടനപ്രകാരം നിങ്ങൾക്ക് സഭാംഗം എന്ന നിലയിൽ ഇടവകയിലുള്ള അവകാശ സ്വാതന്ത്ര്യങ്ങൾ ഉറപ്പിക്കുവാനുമാണ്. അതുകൊണ്ട് സുപ്രീം കോടതി സഭയിൽ നിലനിന്നു കാണാൻ ആഗ്രഹിക്കുന്ന ഐക്യം, അനുരഞ്ജനം, സമാധാനം എന്നിവ നേടിയെടുക്കാനായി കോടതിവിധി കർശനമായി നടപ്പിലാക്കേണ്ടിവരും എന്ന കാര്യത്തിൽ കണ്ടനാട് ഭദ്രാസനം പ്രതിജ്ഞാബദ്ധമാണ്.

ഇക്കാര്യംകൊണ്ട് താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിച്ച് അതിൻ പ്രകാരം പ്രവർത്തിക്കണം എന്ന് അറിയിക്കുന്നു.

1) ആ പള്ളിയിൽ ഇന്ന് 1934-ലെ ഭരണഘടനപ്രകരം ഭദ്രാസന ഇടവക സംവിധാനങ്ങൾക്ക് വിധേയപ്പെടാതെ നിലവിലിരിക്കുന്ന ആരാധനാ-ഭരണസംവിധാനങ്ങൾ നിയമവിരുദ്ധമാണ്. അതുകൊണ്ട് അവ തുടർന്നു പ്രവർത്തിക്കുവാൻ അനുവാദം ഇല്ലാത്തതാണ്.

2). പള്ളികളിൽ കമ്മിറ്റി, പൊതുയോഗം, എന്നിവ നടത്തുന്നതിനോ സമാന്തരമായി നടക്കാവുന്ന ഭദ്രാസനയോഗങ്ങളിൽ പങ്കെടുക്കുന്നതിനോ നിങ്ങൾക്ക് അനുവാദമില്ല.

3) രാജ്യത്ത് നിലവിലിരിക്കുന്ന ആദായനികുതി (Income Tax) നിയമം മലങ്കരസഭയിലെ എല്ലാ ഇടവകകൾക്കും ബാധകമായിരിക്കുന്നതും അതനുസരിച്ചുള്ള സാമ്പത്തിക ഇടപാടുകളിൽ ഇടവക ഏർപ്പെടേണ്ടതും ഉള്ളതുകൊണ്ട് ആ ഇടവകയുടെ ബാങ്ക് അക്കൗണ്ടുകൾ, മറ്റ് ധന ഇടപാടുകൾ എന്നിവ സഭയുടെ അനുവാദമില്ലാതെ നടത്തുന്നതിനോ അതിന് മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനോ നിങ്ങൾക്ക് അനുവാദമില്ല.

4) 1934-ലെ ഭരണഘടന അനുസരിച്ച് വൈദീകരെ നിയമിച്ച് പള്ളിയിൽ നിയമാനുസൃത സംവിധാനം സൃഷ്ടിക്കുന്നതിന് ഭദ്രാസനം നടപടികൾ എടുക്കുന്നതായിരിക്കും.

മലങ്കര സഭയിലെ അംഗങ്ങൾ എന്ന നിലയിൽ സഭയിലുള്ള അവകാശ-സ്വാതന്ത്ര്യ-പങ്കാളിത്തങ്ങൾ നിങ്ങൾക്ക് നഷ്ടപ്പെടുവാൻ ഇടയാകരുത് എന്ന് സ്നേഹപൂർവ്വം ഒരിക്കൽക്കൂടി അറിയിക്കുന്നു. ഈ ഭദ്രാസനത്തിൽ സമാധാനവും ശാന്തിയും പുലർത്തുന്നതിനുള്ള ഉദ്യമത്തിൽ സഹകരിക്കുവാൻ വീണ്ടും എല്ലാവരേയും ക്ഷണിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

സസ്നേഹം

ബിഷപ്പ്സ് ഹൗസ്,
മൂവാറ്റുപുഴ
31-7-2017

ഡോ. തോമസ് അത്താനാസിയോസ്
മെത്രാപ്പോലീത്ത

മെത്രാപ്പോലീത്തായുടെ കത്ത്

സുപ്രീം കോടതി വിധി, വിഭജനത്തിനല്ല, ഐക്യത്തിന്

മലങ്കര സഭയിൽ നിലനിന്നിരുന്ന തർക്കവിഷയങ്ങൾ സംബന്ധിച്ച് വ്യക്തതയുള്ള ഒരു വിധിന്യായമാണ് 2017 ജൂലൈ മൂന്നിന് ജസ്റ്റീസ്മാരായ അരുൺമിശ്ര, അമിതാവ് റോയ് എന്നിവർ ഉൾപ്പെടുന്ന സുപ്രീംകോടതിയുടെ രണ്ടംഗ ബഞ്ചിൽ നിന്ന് ഉണ്ടായിരിക്കുന്നത്. ഇതോടെ സഭാക്കേസിൽ 1995-ൽ ഉണ്ടായ സുപ്രീംകോടതി വിധി ഉറപ്പാക്കുകയും ആ വിധിയെപ്പറ്റി ഉയർന്ന സംശയങ്ങൾക്ക് പൂർണ്ണ വിരാമമിടുകയും ചെയ്തു. ദീർഘകാലമായി നടന്നുവന്ന സഭാക്കേസിന് ഇതോടെ ഒരു അന്ത്യം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. തർക്കവിഷയങ്ങൾക്ക് വ്യക്തവും, നിയമാനുസൃതവും, നീതിപൂർവ്വവുമായ തീർപ്പ് നൽകി തുടർതർക്കങ്ങൾക്കുള്ള സാധ്യത അവസാനിപ്പിച്ചു എന്നത് ആശ്വാസകരം തന്നെ. തർക്കവിഷയങ്ങൾക്ക് പരിഹാരമുണ്ടായ സാഹചര്യത്തിൽ വിധിന്യായത്തിന്റെ അന്ത:സത്തയും താല്പര്യവും ആദരിച്ച് സഭയെ നയിക്കുവാനുള്ള ശ്രമകരമായ ബാധ്യത ഏറ്റെടുക്കാൻ ഇരുഭാഗങ്ങളിലുമുള്ള നേതൃത്വം സത്വരമായി നടപടികളിലേക്ക് നീങ്ങേണ്ട സന്ദർഭമാണിത്.

സഭയിൽ ഐക്യസ്ഥാപനം ലക്ഷ്യമിടുമ്പോൾ അതു സംബന്ധിച്ച ആശയവ്യക്തതയും അതിനുള്ള മാർഗം സംബന്ധിച്ച വിവേകപൂർണ്ണവും ക്രിസ്തീയവുമായ ധാരണയും രൂപപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. പല ഓർത്തഡോക്സ് സഭാ നേതാക്കന്മാരെ സംബന്ധിച്ചും ഈ കോടതിവിധി പാത്രിയർക്കീസ് വിഭാഗക്കാർ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന പള്ളികളുടെയും സ്വത്തുക്കളുടെയും ഉടമസ്ഥാവകാശം മലങ്കരസഭയ്ക്ക് ആക്കുക എന്നുള്ളതാണ്. യാക്കോബായക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭരണത്തിലിരിക്കുന്ന പള്ളികളിൽ തങ്ങളുടെ അവകാശ സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെടുത്തി മറുകക്ഷിക്ക് അധികാരം വിട്ടൊഴിയണമെന്ന കോടതിയുടെ തീർപ്പാണ്. ഈ രണ്ടു കാഴ്ചപ്പാടുകളും ആരോഗ്യകരമായ വിലയിരുത്തലായി പരിഗണിച്ചു കൂടാ. ഈ വിധി 1934-ലെ സഭാഭരണഘടനയുടെ ചട്ടക്കൂട്ടിൽ ഇരുകൂട്ടർക്കും സഭാപരമായ അവകാശസ്വാതന്ത്ര്യങ്ങൾ ഉറപ്പാക്കുന്ന കോടതിയുടെ കല്പനയായി കാണാൻ സാധിക്കുകയാണ് സമാധാനത്തിന്റെ പ്രാഥമികമായ നടപടി. സഭൈക്യത്തിന് സഭാംഗങ്ങളെ ഒരുക്കുവാനും നിയതമായ ചട്ടക്കൂട്ടിൽ അവരെ അനുരഞ്ജനത്തിലേക്ക് കൊണ്ടുവരുവാനുമുള്ള ന്യായാധിപന്മാരുടെ ലക്ഷ്യബോധം ഈ വിധി തീർപ്പിൽ ഉണ്ട് എന്ന വസ്തുത ഇരുകൂട്ടരും മനസ്സിലാക്കിയാൽ കാര്യങ്ങൾ എളുപ്പമാകും. ഓർത്തഡോക്സുകാർ വിധിയുടെ മറവിൽ ആധിപത്യത്തിന് ശ്രമിക്കാതിരിക്കുകയും പാത്രിയർക്കീസ് വിഭാഗക്കാർ ഭരണഘടന അംഗീകരിച്ച് കോടതി നൽകുന്ന അവകാശ - സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെടാതെ സംരക്ഷിക്കാൻ അവസരം നൽകുന്ന വിധിന്യായമായി ഇതിനെ തിരിച്ചറിയുകയുമാണ് വേണ്ടത്. നിയമപരമായ നിലനിൽപ്പ് തിരസ്ക്കരിച്ചുകൊണ്ട് വിധിയിലൂടെ ലഭ്യമായ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തി പുറത്തുപോകുന്നത് ആത്മഹത്യാപരമായ നടപടി ആയിരിക്കുമെന്ന് യാക്കോബായക്കാർ മനസ്സിലാക്കുകയും ചെയ്യുക. തർക്കവിഷയങ്ങൾക്ക് പരിഹാരമായതിനാൽ നിയമാനുസൃതവും വ്യവസ്ഥാപിതവുമായ ചട്ടക്കൂട്ടിൽ ഒരുമിച്ച് ഒരു സഭയായി കഴിയുവാനുള്ള അവസരവും സാധ്യതയുമാണ് കോടതി സൃഷ്ടിച്ചിരിക്കുന്നതെന്നും ഇത് ഒരു ദൈവീക ഇടപെടൽ മൂലം ഉണ്ടായതാണെന്നും ഇരുപക്ഷങ്ങളും മനസ്സിലാക്കി വിനയത്തോടും പരസ്പരാദരവോടും കൂടി അനുരഞ്ജനശ്രമങ്ങൾ ആരംഭിക്കുകയാണാവശ്യം. ദൈവഹിതത്തോട് വിധേയപ്പെടുവാനും വിധിയുടെ ആത്യന്തികമായ ലക്ഷ്യം തിരിച്ചറിയുവാനുമുള്ള മനോഭാവമാണ് ഇരുകൂട്ടരിൽ നിന്നും ഉണ്ടാകേണ്ടത്.

സഭ ആരുടേയും സ്വകാര്യ സംവിധാനമല്ല. കർത്തൃസാക്ഷ്യവും ദൈവീകപദ്ധതിയും വർത്തമാനകാലത്ത് നിർവ്വഹിക്കുവാനുള്ള ദൈവിക ക്രമീകരണമായി അതിനെ മനസ്സിലാക്കണം. അതുകൊണ്ട് ഓർത്തഡോക്സുകാർ അധീശത്വശ്രമവും പാത്രിയർക്കീസ് പക്ഷക്കാർ ചെറുത്തുനിൽപ്പിനുള്ള പദ്ധതിയും ഉപേക്ഷിക്കണം. ഒരു നൂറ്റാണ്ടിലധികമായി സഭയിൽ നിലനിന്നുവരുന്ന സംഘർഷാവസ്ഥയിൽ നിന്ന് അതിനെ മോചിപ്പിച്ച് അതിന്റെ ദൗത്യവും സാക്ഷ്യവും നിർവ്വഹിക്കുന്നതിനുള്ള അവസരം നൽകുന്ന ദൈവിക ഇടപെടലായി ഈ വിധിയെ ഇരുപക്ഷക്കാരും കണ്ടാൽ പ്രശ്നപരിഹാരം ലളിതം. സഭയിൽ അനു

രഞ്ജനവും ഐക്യവും വേണ്ട എന്ന പ്രസ്താവന ഇറക്കാനും അനുരഞ്ജന പ്രക്രിയ അട്ടിമറിക്കാനും ആർക്കും അവകാശമില്ല. മന:പൂർവ്വം ആരെയെങ്കിലും പുറത്ത് നിർത്തി സഭയെ ഭിന്നിപ്പിക്കുവാനുള്ള ശ്രമങ്ങൾക്ക് നീതീകരണവുമില്ല. ആ പ്രവണത സഭയ്ക്ക് അനുവദിക്കാനുമാവില്ല. സഭായോജിപ്പ് നടക്കാതിരുന്നാൽ ഭാവിയിൽ സഭയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് കണ്ണുംനട്ടിരിക്കുന്നവരും കലഹപ്രിയരും സഭാവഴക്കിൽ നേട്ടമുണ്ടാക്കുന്നവരും വിധിയനന്തര ഘട്ടത്തെ നിയന്ത്രിക്കുവാൻ ശ്രമിക്കുമ്പോൾ സഭാസ്നേഹികൾ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓർത്തഡോക്സുകാർ വിനയവും, യാക്കോബായക്കാർ നിയോഗബോധവും പ്രകടിപ്പിച്ച് സഭയിൽ അനുരഞ്ജനവും ഐക്യവും സമാധാനവും യാഥാർത്ഥ്യമാക്കുവാൻ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ട സാഹചര്യമാണ് ഇപ്പോൾ.

എന്താണ് സഭയുടെ ഐക്യം കൊണ്ട് ഉദ്ദേശിക്കുന്നത്? അതെങ്ങനെ യാഥാർത്ഥ്യമാക്കാം? കോടതിവിധി അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി മറുപക്ഷത്തെ 'ക്ഷ' പറയിപ്പിച്ച് ഇടവക, ഭദ്രാസന - സഭാ സംവിധാനങ്ങളിലൂടെ അകത്തുകയറ്റുവാനുള്ള നടപടിയല്ല ഐക്യസ്ഥാപനം. നേരെമറിച്ച് രണ്ട് പക്ഷങ്ങളുടെയും സഭാതലത്തിൽ തന്നെയുള്ള കൂടിച്ചേരൽ (merger) ആണ് ഐക്യം എന്നതുകൊണ്ട് അർത്ഥമാക്കേണ്ടത്. ആ സാഹചര്യത്തിൽ ആരും ഈ പുനരേകീകരണത്തിന് ശേഷം പുറത്ത് അവശേഷിക്കാതിരിക്കാനാണ് ശ്രദ്ധിക്കേണ്ടത്. ഇത് സംവിധാനങ്ങളുടെ ഐക്യമാണ്. വ്യക്തികളുടെ പുനർയോജിപ്പല്ല. 1958-ൽ സുപ്രീം കോടതിവിധി ഉണ്ടായപ്പോൾ കാതോലിക്കാപക്ഷക്കാർ പ്രകടിപ്പിച്ച ഉദാരമനസ്കതയും പാത്രിയർക്കീസ് വിഭാഗ നേതൃത്വം കാണിച്ച വിവേകവും നിശ്ചയദാർഢ്യവുമാണ് സഭയെ ഐക്യപാതയിൽ എത്തിച്ചത്. ഇനിയും അതാണ് നടക്കേണ്ടത്. എന്നാൽ അത്തവണ സംഭവിച്ചതുപോലെ വീണ്ടും പിളർപ്പ് ഉണ്ടാകാതെ എല്ലാവരും ജാഗ്രതപുലർത്തുകയും വേണം. മഹത്തായ ഒരു ലക്ഷ്യത്തെയും സാധ്യതയെയുംപ്രതി വ്യക്തിപരമായ ലാഭങ്ങളും സങ്കുചിത താല്പര്യങ്ങളും ഉപേക്ഷിക്കുവാനും സഭയുടെ നന്മയും ദൈവഹിതവും പരിഗണിച്ച് സഭൈക്യത്തിന് നേതൃത്വം കൊടുക്കുവാനും സഭാധ്യക്ഷന്മാർ അന്നെന്ന പോലെ ശ്രമിച്ചാൽ ഫലമുണ്ടാകും. ആ ശ്രമത്തിന് തുരങ്കം വയ്ക്കുന്നവരെ കണ്ടെത്തി മാറ്റിനിർത്താനും ഏറ്റുമുട്ടലുകൾക്ക് സൂത്രധാരകത്വം വഹിക്കുന്നവരെ അടുപ്പിക്കാതിരിക്കുവാനും അതീവ ജാഗ്രത സഭാംഗങ്ങൾ പുലർത്തേണ്ടതുണ്ട്. ഐക്യവിരുദ്ധമായ പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ കരുതൽ വേണമെന്നു സാരം.

കേസ് വിധിയെ തുടർന്ന് പാത്രിയർക്കീസ് പക്ഷത്തിലെ നേതൃത്വനിരയിൽ നിന്ന് ഉയർന്ന പ്രതികരണവും അതിനുപയോഗിച്ച ഭാഷാപ്രയോഗങ്ങളുമൊന്നും ആസ്വാദ്യകരമായിരുന്നില്ല. ഈ വിധി നൽകുന്ന ഐക്യസന്ദേശം യാഥാർത്ഥ്യമാക്കാൻ ജനത്തെ ഒരുക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. അവരുടെ വാദം അംഗീകരിക്കപ്പെടാത്ത സാഹചര്യത്തിൽ അണികളെ കൂടെ നിർത്താനുള്ള തന്ത്രമായി മാത്രം അതിനെ ഓർത്തഡോക്സുകാർ കണ്ടാൽ മതി. കഴിഞ്ഞ കാല പാത്രിയർക്കീസ് സഭാ നേതൃത്വത്തിന്റെ നടപടികൾ അവരുടെ പശ്ചാത്തലത്തിന്റെയും അതിജീവനശ്രമത്തിന്റെയും സ്വാഭാവിക പ്രതികരണമായി കണ്ട് അവരെ സ്വാഗതം ചെയ്യാൻ സാധിക്കണം. അവർ ആരും തന്നെ അത്ര മോശക്കാരല്ല. അവരുടെ ആവശ്യം ഇന്ന് സഭയ്ക്കുണ്ട്. അവരെ ഐക്യത്തിന് പുറത്തുനിർത്തി അവരുടെ തന്ത്രങ്ങളും ഊർജ്ജവും സാഹസികതയും മലങ്കരസഭയ്ക്കെതിരെ നിരന്തരം പ്രയോഗിക്കാൻ അവസരം കൊടുക്കാതിരിക്കുകയായിരിക്കും ബുദ്ധി. നേരെമറിച്ച് അവരെ സഭയുടെ നിയമാനുസൃതവും വ്യവസ്ഥാപിതവുമായ സംവിധാനത്തിലാക്കി സഭയുടെ കെട്ടുപണിക്കും വളർച്ചയ്ക്കും ഉപയോഗപ്പെടുത്താൻ സാധിച്ചാൽ സഭയ്ക്ക് അതൊരു വലിയ നേട്ടം തന്നെയായിരിക്കും. കേരളത്തിലെ മിക്ക രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സഭാ-മത-സാമൂഹ്യസംഘടനകളെയും കഴിഞ്ഞകാലങ്ങളിൽ തങ്ങൾക്കൊപ്പം നിർത്താൻ അവർ വിജയിച്ചു എന്നോർക്കണം. ഭരണഘടനയും നിയമസംരക്ഷണവും ആൾബലവുമെല്ലാം ഉണ്ടായിട്ടും മലങ്കരസഭയ്ക്ക് പൊതുസമൂഹത്തിൽ വേണ്ടത്ര അംഗീകാരം നേടാൻ കഴിഞ്ഞില്ല എന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. പ്രാർത്ഥനയിലൂടെയും സഹനത്തിലൂടെയും നിരന്തരവും ക്ഷമാപൂർവ്വവുമായ കാത്തിരിപ്പിലൂടെയും നാം കൈവരിച്ച ഈ വിജയം അതിന്റെ പൂർണമായ അർത്ഥത്തിൽ സഫലമാക്കുവാൻ വേണ്ട നിർഭയത്വവും ദീർഘവീക്ഷണവും ഓർത്തഡോക്സ് സഭാ നേതൃത്വം ഈ സമയത്ത് പ്രകടിപ്പിക്കണം.

കോടതിവിധിയെ പാത്രിയർക്കീസ് വിഭാഗം കൈവശം വച്ചിരിക്കുന്ന പള്ളികൾ പിടിച്ചെടുക്കുവാനുള്ള ഉപാധിയായി മാത്രം കാണുകയല്ല വേണ്ടത്. നേരെ മറിച്ച് മലങ്കരസഭയുടെ പുനരേകീകരണത്തിനും, പുനർനിർമ്മാണത്തിനും ദൈവം തന്ന അനുഗ്രഹവും അവസരവുമായി തിരിച്ചറിയണം. സഭാധ്യ

ക്ഷന്മാരെയും ആത്മാഭിമാനമുള്ള ജനത്തെയും പുറത്തുനിർത്തി പള്ളികളും വസ്തുക്കളും വീണ്ടെടുക്കുവാനുള്ള മാർഗ്ഗമായി കോടതിവിധിയെ കണ്ടാൽ സഭയിൽ ഐക്യവും സമാധാനവും സൃഷ്ടിക്കപ്പെടുകയില്ല. അത് ദൈവഹിതത്തിന്റെ നിരാസമായിരിക്കും. മലങ്കരസഭയ്ക്കുള്ളിൽ നിന്നു തന്നെ എതിർപ്പുകൾ ഉണ്ടാകാൻ അത് കാരണമാവുകയും ചെയ്യും. അതുകൊണ്ട് പുനരൈക്യത്തിനുള്ള ഹൃദയവിശാലത ഓർത്തഡോക്സ് സഭാനേതൃത്വം പ്രകടമാക്കേണ്ട സമയമാണിപ്പോൾ.

ഓർത്തഡോക്സ്കാർക്ക് പാത്രിയർക്കീസ് വിഭാഗത്തെപ്പറ്റിയുള്ള അഭിപ്രായക്കുറവുപോലെ തന്നെ പാത്രിയർക്കീസ് വിഭാഗക്കാർക്ക് ഓർത്തഡോക്സ്കാരെക്കുറിച്ചും അത്ര ഉയർന്ന അഭിപ്രായമില്ല എന്ന് ഓർക്കണം. അതുകൊണ്ട് എത്ര വലിയ നീതിമാൻ പരിവേഷം അണിഞ്ഞാലും നമുക്ക് ഇപ്പോഴത്തെ നിലയ്ക്ക് പൊതു അംഗീകാരം കിട്ടുകയില്ല. നാം അവകാശപ്പെടുന്ന സത്യസന്ധതയും സൽപ്പേരും എല്ലായിടത്തും അംഗീകരിക്കപ്പെടുമെന്നും തോന്നുന്നില്ല. ഇരുകൂട്ടർക്കും പരസ്പരവും, പൊതുജനത്തിനും ഉള്ള അഭിപ്രായങ്ങൾ തിരുത്തിക്കണമെങ്കിൽ സഭയിൽ ഐക്യവും സഹകരണവും ഉണ്ടാകണം.

രണ്ട് കൂട്ടത്തിലും അത്യാവശ്യം വില്ലന്മാരൊക്കെ ഉണ്ട്. അവർ സഭൈക്യശ്രമങ്ങളെ വഴിമുട്ടിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കും. അവരുടെ പ്രവർത്തനം നിർവ്വീര്യമാക്കണമെങ്കിൽ സഭ യോജിച്ചേ പറ്റൂ. യോജിപ്പ് സംഭവിക്കാതിരിക്കാൻ അവർ പരസ്പരം സഹകരിച്ചുകൊണ്ടിരിക്കും. പള്ളികളിൽ സംഘർഷമുണ്ടാക്കാനും ജനത്തെ തല്ലുകൊള്ളിക്കാനും ഇവർ കൂട്ടായി പ്രവർത്തിക്കുന്നു. എങ്കിലല്ലേ സഭയിൽ പിളർപ്പ് നിലനിർത്താനും സ്വാർത്ഥ ലാഭ ലക്ഷ്യങ്ങൾ നേടാനും അവസരം ലഭിക്കൂ! സഭ യോജിച്ചാൽ ഇരുപക്ഷത്തുമുള്ള ഐക്യവിരുദ്ധരുടെ പ്രസക്തി നഷ്ടപ്പെടും. 1997, 98 കാലഘട്ടത്തിൽ കോടതിവിധിയുടെ സംരക്ഷണയിൽ യോജിപ്പിന് തയ്യാറായവർക്ക് പ്രതിരോധം സൃഷ്ടിച്ചത് ഇരുകൂട്ടത്തിലുമുള്ള ഇത്തരം വ്യക്തികളായിരുന്നു. അതുകൊണ്ടാണ് സഭൈക്യശ്രമം അന്ന് വേണ്ടവിധം വിജയിക്കാതിരുന്നത്. ഇന്നും പ്രവർത്തനനിരതരായിട്ടുള്ള ഈ വ്യക്തികളുടെ ശാഠ്യം നടക്കാൻ ഓർത്തഡോക്സ് സഭയും യാക്കോബായ വിഭാഗവും അനുവദിക്കരുത്. എങ്കിലേ ഐക്യമുണ്ടാകൂ. സഭയിൽ ഐക്യം സൃഷ്ടിക്കാൻ ലഭിച്ച ഇപ്പോഴത്തെ വിധിയിൽ ദൈവഹിതം കണ്ടെത്തി ദൈവിക ഇടപെടൽ യാഥാർത്ഥ്യമാക്കാൻ സന്മനസ്സുള്ള എല്ലാവരും ഉണർന്ന് പ്രവർത്തിക്കുവാൻ തയ്യാറാകേണ്ടതുണ്ട്.

സഭയിലെ ഭിന്നിപ്പിനെ ഒരു കുടുംബവഴക്ക് എന്നപോലെ കാണാൻ കഴിയണം. സഹോദരങ്ങൾ അന്യോന്യം വഴക്കിട്ടാലും വീണ്ടും രമ്യപ്പെടണമെന്നാണല്ലോ സൽബുദ്ധിയുള്ള ഓരോ കുടുംബാംഗവും ചിന്തിക്കുകയുള്ളൂ. കാരണം, വഴക്കിടുന്നവരൊക്കെ ഓരേ മാതാപിതാക്കളുടെ മക്കൾ, ഒരേ കുടുംബപശ്ചാത്തലത്തിൽ വളർന്നവർ, ഒരേ പാത്രത്തിൽ നിന്ന് ഭക്ഷിച്ചും കുടിച്ചും കഴിഞ്ഞവർ, ഒരേ മുറിയിൽ പ്രാർത്ഥിച്ചവർ, പ്രതിസന്ധികളിൽ ഒപ്പം കരഞ്ഞവർ, കുടുംബാഘോഷങ്ങളിൽ ഒരുമിച്ചു തിമിർത്തവർ ആണ്. അവർക്കെങ്ങനെ പരസ്പരം ഉൾക്കൊള്ളാനാവാതെ ശത്രുതയിൽ എന്നും കഴിയാനാവും? പൊതു പൈതൃകവും പരസ്പര ബന്ധവും ജനിതകമായ പൊതുത്വവും ഉള്ളവർക്കെങ്ങനെ അന്യോന്യം പുറത്തുനിർത്താനാവും? അതുപോലെ തന്നെ ചരിത്ര പശ്ചാത്തലം, വിശ്വാസം, വ്യക്തി-കുടുംബബന്ധങ്ങൾ, സംസ്കാരം എന്നിവയെല്ലാം പൊതുവായ ഈ രണ്ടു വിഭാഗങ്ങൾ അന്യോന്യം തോൽപ്പിച്ചും കീഴടക്കിയും വീർപ്പുമുട്ടിച്ചുമല്ല മറിച്ച് സ്നേഹത്തിന്റെയും വൈകാരികതയുടെയും ഭാവങ്ങൾ നിറഞ്ഞ് പരസ്പരം ആശ്ലേഷിച്ച് ഏകമായിട്ടാണ് ജീവിക്കേണ്ടത്. വ്യവഹാരം നടത്തുമ്പോഴും വിധി നടത്തിക്കുമ്പോഴും ഈ ഊഷ്മള വികാരങ്ങളുടെ ഉറവുചാൽ അടയാൻ അനുവദിക്കരുത്. സഭകളുടെ കാതോലികത്വം എന്നത് അതിന്റെ ഉൾക്കൊള്ളുന്ന (inclusive) സ്വഭാവമാണ്. സഭയുടെ കരുത്ത് എന്നത് ആരെയും ഉൾക്കൊള്ളാനു ള്ള അതിന്റെ സന്നദ്ധതയും, ശേഷിയും, സഹിഷ്ണുതയുമാണ്. അത് സഭയ്ക്ക് നഷ്ടപ്പെട്ടാൽ സഭ, കാതോലികമല്ലാതാകും. വൈവിധ്യത്തിന്, എന്തിന്, വൈരുദ്ധ്യങ്ങൾക്കുപോലും സഭയ്ക്കുള്ളിൽ ഇടം ഉണ്ടാകണം.

സഭ ഭിന്നിച്ചു നിന്ന കാലത്തെ സംഭവങ്ങളും നടപടികളും മറുഭാഗത്തെ സാഹചര്യത്തിൽ നിന്നുകൊണ്ട് വിലയിരുത്താനും സാധിക്കണം. അപ്പോൾ വെളിപ്പെടുന്ന ചരിത്രവസ്തുതകൾ ഇരുകൂട്ടർക്കും കൂടുതൽ അടുക്കുന്നതിന് സാഹചര്യമൊരുക്കും. യോജിച്ച ശേഷവും Z. M. പാറേട്ടിന്റെയും കണിയാംപറമ്പിൽ അച്ചന്റെയും രീതിയിൽ ചരിത്രരചന നടത്തിയാൽ ഐക്യം വൈകാരികതലത്തിൽ സാധിക്കാതെ പോകും. അന്യോന്യം മനസ്സിലാക്കാനുള്ള ശ്രമവും പ്രവർത്തനവും ഇപ്പോഴേ ആരംഭിക്കണം. നമ്മുടെത് മാത്രം ശരി എന്ന ശാഠ്യം വേണ്ട. നമ്മുടെത് മാത്രം സാർവ്വത്രിക മൂല്യവും മാനദണ്ഡവും ആക്കുകയും വേണ്ട. ഇതരമായവയും അവ വളർന്ന പരിസരവും അത് സൃഷ്ടിച്ച ചുറ്റു

പാടും മനസ്സിലാക്കി അംഗീകരിക്കുവാനുള്ള സന്മനസ്സാകണം ഐക്യപാതയിൽ ഇരുവിഭാഗങ്ങളുടെയും മനോഭാവം.

അടുത്തകാലത്ത് മലങ്കര കത്തോലിക്ക സഭയിലെ ഒരു പ്രസിദ്ധീകരത്തിൽ പരുമല-വട്ടശ്ശേരി തിരുമേനിമാരെയും ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവയുമെല്ലാം അവരുടെ സഭയിലും പൈതൃകത്തിലും പെട്ട പരിശുദ്ധന്മാരായി അവതരിപ്പിക്കുന്നത് കണ്ടു. ഇതുവഴി ഇരു കക്ഷികളിൽ നിന്നും ആ സഭയിൽ ചേർന്നവർക്ക് അവരുടെ അന്യതാബോധം ഇല്ലാതാകുന്നു. ഈ തുറന്ന സമീപനം നാം കണ്ടുപഠിക്കണം. ഐക്യം രണ്ടു പക്ഷങ്ങൾ തമ്മിലുള്ള കൂടിച്ചേരൽ എന്ന നിലയിൽ മാത്രം പരിമിതപ്പെടുന്നില്ല. ഇരുകൂട്ടരുടെയും ചരിത്രവും സഭാജീവിതവും പ്രത്യേകതകളുമെല്ലാം ഐക്യസഭയിൽ അംഗീകരിക്കപ്പെടുകയാണ് വേണ്ടത്. അപ്പോഴാണ് ഐക്യം അനുഭവവും വൈകാരികവും ആയിത്തീരുന്നത്. അതിനുള്ള മനസ്സാണ് ഇരുഭാഗത്തും സൃഷ്ടിക്കുവാൻ നേതൃത്വം ശ്രമിക്കേണ്ടത്. ഭിന്നതയുടെ കാലം കഴിഞ്ഞു. അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും ഊഷ്മളാനുഭവത്തിന് ജനത്തെ സജ്ജമാക്കേണ്ടത് ഭാവനയും ദർശനവുമുള്ള നേതൃത്വമാണ്.

സഭായോജിപ്പിൽ ആർക്കും നഷ്ടവും നഷ്ടബോധവും ഉണ്ടായിക്കൂടാ. പ്രത്യേകിച്ച് തോറ്റു എന്ന് ചിന്തിക്കുന്നവർക്ക്. ഇതുവരെ മറുപക്ഷം എന്ന പേരിൽ അറിയപ്പെട്ടവരെ അവരുടെ ചരിത്ര പശ്ചാത്തലം ഉൾപ്പടെ അംഗീകരിച്ച് അവരുടെ ഭാവിയെപ്പറ്റി അവരിൽ സുരക്ഷിതബോധം സൃഷ്ടിക്കുമ്പോൾ ഐക്യത്തിനനുകൂലമായ സാഹചര്യമൊരുങ്ങും. നമ്മുടെ ചരിത്രത്തിൽ അത്യാവശ്യത്തിന് വീഴ്ചകളുള്ളപ്പോൾ എന്തിന് സഹോദരസമൂഹത്തെ മാത്രം കുറ്റം വിധിക്കുന്നു? ഇരുവരുടെയും പശ്ചാത്തലം പരസ്പരം ഉൾക്കൊണ്ട് ഒരു പൊതുചരിത്രനിർമ്മിതിയും പൊതുവേദശാസ്ത്രസൃഷ്ടിയും നടക്കുമ്പോൾ അവിടെയുണ്ടാകുന്ന സ്നേഹവും സാഹോദര്യബോധവും ഐക്യവും സുദൃഢമായിരിക്കും. അതായത്, വ്യക്തിയുടെയും കുടുംബത്തിന്റെയും ഇടവകയുടെയും ഭദ്രാസനത്തിന്റെയും സഭാ സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും ഐക്യത്തിനപ്പുറം ഇരുകൂട്ടരുടെയും ചരിത്ര-പാരമ്പര്യ സവിശേഷതകൾക്ക് ഇടം നൽകുന്ന ഐക്യമാണ് ആശയ പ്രായോഗികതലങ്ങളിൽ അഭികാമ്യം. അത്തരത്തിലുള്ള മനോഭാവം ഇരുഭാഗക്കാരിലും സൃഷ്ടിക്കപ്പെടുമ്പോൾ ഐക്യം സ്വാഭാവികവും അനുരഞ്ജനം ഹൃദ്യവും സമാധാനം ദൈവികവും ശാശ്വതവുമായിത്തീരും.

അണുകുടുംബത്തിന്റെ കാലമാണിത്. ചെറുകുടുംബത്തിൽ മറ്റുള്ളവർക്ക് ഇടവും ജീവന സാധ്യതയും നൽകാൻ നാം ഇഷ്ടപ്പെടുന്നില്ല. പുറത്തുള്ള എല്ലാത്തിനെയും തിരസ്ക്കരിക്കുന്ന കുടുംബങ്ങൾ നിലനില്ക്കുന്ന സമൂഹത്തിലാണ് നാം ജിവിക്കുന്നത്. ഈ സമീപനം അസഹിഷ്ണുതയുടെ പ്രകടനമാണ്. തികച്ചും നിഷേധാത്മക നിലപാടാണ്. സഭാനേതൃത്വത്തിലും ഈ മനോഭാവം കാണുന്നതാണ് സങ്കടകരം. സ്വയം ഒതുങ്ങിയും നഷ്ടപ്പെടുത്തിയും അപരനെ ഉൾക്കൊണ്ടും ഇടം നൽകിയും ജീവിക്കുന്നതിനെപ്പറ്റിയാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. ഇത് തിരിച്ചറിയാതെ എങ്ങനെ സമാധാനമുണ്ടാകും? സഭ പരിത്യാഗത്തിന്റെ വിളഭൂമിയാണ്. അതിനാവശ്യം ആത്മവിമർശനമാണ്. സ്വയം നീതീകരണമല്ല. മറ്റുള്ളവരെ ആക്ഷേപിക്കലുമല്ല. അവരെ അംഗീകരിക്കലാണ്. അത് നമ്മെയും, മറ്റുള്ളവരെയും നന്മയിലേക്ക് രൂപാന്തരപ്പെടുത്തും. കേസ് ജയിച്ചു എന്ന ആധിപത്യ-അധീശത്വ സമീപനം കൊണ്ട് ഐക്യം ഉണ്ടാകില്ല. ഉണ്ടായാലും അത് ഹൃദ്യമോ ശാശ്വതമോ ആയിരിക്കുകയില്ല. നാം വിനയവും ശുശ്രൂഷാ മനോഭാവവും പുലർത്തേണ്ട സമയമാണിത്. 1958-ൽ പരി. ഗീവർഗീസ് ദ്വിതീയൻ ബാവയുടെ നേതൃത്വ ഗുണവും സഭാസ്നേഹവും മറുചേരിയെ ഉൾക്കൊള്ളാനുള്ള സന്മനസ്സും ചേർന്നപ്പോഴാണ് സഭയിൽ ഐക്യമുണ്ടായത്. അത് ഇന്നത്തെ സാഹചര്യത്തിലും പ്രകടിപ്പിക്കുവാൻ മലങ്കരസഭാ നേതൃത്വത്തിന് സാധിക്കേണ്ടതുണ്ട്. യോജിപ്പിനുള്ള ശ്രമങ്ങൾ അട്ടിമറിച്ച ചരിത്രമുള്ളവർ ഈ രംഗത്തു പ്രവർത്തിക്കുവാൻ മുന്നിട്ടിറങ്ങിയാൽ ഐക്യശ്രമങ്ങൾ ഈപ്രാവശ്യവും പൊളിയാൻ പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല! വിശ്വാസ്യത ഇല്ലാത്ത നേതൃത്വത്തോട് ഐക്യത്തിനായി സഹകരിക്കുവാൻ ആരെയും കിട്ടിയെന്നു വരുകയുമില്ല. സന്മനസ്സും സമഭാവനയും ആർജ്ജവവും ഇല്ലാത്തവരെ മുൻനിരയിൽ നിർത്തുന്നത് സഭാനേതൃത്വം സഭൈക്യത്തിന് താല്പര്യപ്പെടുന്നില്ല എന്ന സന്ദേശമാണ് കൊടുക്കുന്നത്. അതോടെ ഐക്യശ്രമങ്ങൾ പാഴ്‌വേല ആകുകയും ചെയ്യും.

സഭാടിസ്ഥാനത്തിൽ ഐക്യം കൈവരുത്തുകയാണ് സമഗ്രവും ലളിതവും ചെലവുകുറഞ്ഞതും സാക്ഷ്യത്തിന് നിരക്കുന്നതും ആയ മാർഗ്ഗം. സഭയിൽ ഐക്യം ഉണ്ടായില്ലെങ്കിൽ പള്ളികൾ തോറും കേസുകൾ, സംഘർഷം, വിധി നടത്തിപ്പ് എന്നിവ വേണ്ടിവരും. അത് സാമ്പത്തികഭാരം സൃഷ്ടിക്കും. കൂടെ സമാധാനലംഘനവും.

ഐക്യം എളുപ്പമാവുകയുമില്ല. ബലപ്രയോഗവും ഉണ്ടാകും. എതിർസാക്ഷ്യവും സൃഷ്ടിക്കപ്പെടും. സമൂഹത്തിൽ സഭ കൂടുതൽ ഒറ്റപ്പെടുകയും അപഹാസ്യമാവുകയും ചെയ്യും. അഭിമാനമുള്ളവർ ഐക്യപ്രക്രിയയിൽ നിന്ന് വിട്ടുനില്ക്കും. ചിലപ്പോൾ കോടതിവിധി നടപ്പിലാകാതെയും പോകും. അതുകൊണ്ട് സഭാ സംവിധാനങ്ങളുടെ യോജിപ്പ് മുമ്പിൽക്കണ്ടുകൊണ്ട് തുറന്ന, സത്യസന്ധമായ സമീപനവും ഒപ്പംതന്നെ ക്രമീകൃതമായ വ്യവഹാര-വിധി നടത്തിപ്പുകളും ആണ് ഉണ്ടാകേണ്ടത്. പള്ളിയുമായി ബന്ധപ്പെട്ട് ബലപ്രയോഗവും ലാത്തിച്ചാർജ്ജും ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം. കാരണം അവ സൃഷ്ടിക്കുന്നത് മുറിവുകളും വൈരാഗ്യവുമാണ്.

പാത്രിയർക്കീസ് വിഭാഗത്തിലെ നേതാക്കന്മാരെയും അവരെ അനുകൂലിക്കുന്ന വിഭാഗം ജനത്തെയും ഐക്യപ്രക്രിയയ്ക്ക് പുറത്ത് നിർത്തിയാൽ അത് ഓർത്തഡോക്സ് സഭയ്ക്ക് സ്ഥിരം പ്രശ്നവും തലവേദനയുമായിരിക്കും. മാത്രമല്ല, അവരെ ഒഴിവാക്കിയാൽ ആ സമൂഹം ക്രമേണ ശിഥിലമായി നശിച്ചുപോകും എന്ന ആശങ്കയും എനിക്കുണ്ട്. അത് സംഭവിക്കരുതെന്ന ആഗ്രഹവും. മലങ്കരസഭയ്ക്കും അക്കാര്യത്തിൽ ഉത്ക്കണ്ഠയും വേദനയും ഉണ്ടാകേണ്ടതാണ്. കാരണം മാറ്റിനിർത്തപ്പെടുമ്പോഴും മാറി നിൽക്കുമ്പോഴും അവർ നമ്മുടെ സഹോദരങ്ങളും വിശ്വാസ-കൗദാശിക കൂട്ടായ്മയിൽപ്പെട്ടവരുമാണ് എന്ന് ഓർക്കണം. സ്ഥാനബന്ധങ്ങൾ നിർവ്വചിക്കുവാൻ കഴിയാത്ത ദുരവസ്ഥയിലാണ് ആ സമൂഹം. അന്ത്യോഖ്യാപാത്രിയർക്കീസിന് സർവ്വാധിപത്യം നൽകുവാൻ നിർബന്ധിതമാകുന്ന സാഹചര്യം, ഇവിടെയുള്ള യാക്കോബായ സമൂഹത്തെ വെറും ഒരു ഭദ്രാസന ഇടവകയായി മാത്രം കാണുന്ന അന്ത്യോഖ്യൻ നിലപാട്, പാത്രിയർക്കീസിന് പൂർണ്ണനിയന്ത്രണാധികാരം വകവച്ചുകൊടുത്തിരിക്കുന്നതിനാൽ പ്രവർത്തന സ്വാതന്ത്ര്യമില്ലാതെ വീർപ്പുമുട്ടുന്ന യാക്കോബായ നേതൃത്വം, ഇടവക മെത്രാപ്പോലീത്തയ്ക്കും വികാരിക്കും സ്ഥാനമില്ലാത്ത ഭദ്രാസന-ഇടവക സംവിധാനങ്ങൾ-ഈ സാഹചര്യത്തിൽ നിലനിൽക്കുന്ന ആ സമൂഹം സ്വയം നശിക്കും. നമുക്കിത് അനുവദിക്കാനാവില്ല. ഇപ്പോൾ ഉണ്ട് എന്ന് പറയുന്ന ഭരണഘടനപോലും ക്രമവിരുദ്ധമായി ഉണ്ടാക്കിയതിനാൽ കോടതി അസ്ഥിരപ്പെടുത്തി. 1920 മുതൽ ശ്രമിച്ചിട്ടാണ് 2002-ൽ ഒന്ന് സൃഷ്ടിച്ചത്. അതിന്റെ ഗതി ഇങ്ങനെയുമായി! ഇനി മറ്റൊന്ന് ഉണ്ടാകുവാനും പോകുന്നില്ല. അതുകൊണ്ട് യാക്കോബായ സഭയിൽ ആഭ്യന്തര പ്രശ്നങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കും. അവ ഒരിക്കലും പരിഹരിക്കപ്പെടുകയുമില്ല. അധികാര-പെരുമാറ്റ ബന്ധങ്ങൾ നിർവ്വചിക്കപ്പെടാത്ത ഒരു സമൂഹത്തിൽ അച്ചടക്കവും സാക്ഷ്യവും മരീചികയായിരിക്കും. അതിന് നിലനിൽക്കാനും സാധ്യമല്ല. അതിൽ അരാജകത്വം തുടരുകയും ക്രമേണ അത് സ്വയം ശിഥിലമായി നാമാവശേഷമാവുകയും ചെയ്യും. ഇത് മലങ്കരസഭയ്ക്ക് അനുവദിയ്ക്കാമോ? സഭ ഐക്യപ്പെടാത്തപക്ഷം യാക്കോബായ സഭ ശിഥിലമായി അതിലെ അംഗങ്ങൾ വിവിധ വിശ്വാസ സമൂഹങ്ങളിൽ ചെന്നുപെടാനാണ് സാധ്യത. അതുകൊണ്ട് ഒരേ വിശ്വാസവും, ചരിത്രപശ്ചാത്തലവും സംസ്കാരവും കൗദാശിക അനുഷ്ഠാനങ്ങളുമുള്ള ഇരുവിഭാഗങ്ങളേയും ഒരു സമൂഹമായി യോജിപ്പിച്ച് അതിനെ യഥാർത്ഥ രൂപത്തിൽ നിലനിർത്താനുള്ള സഭാപരമായ ബാധ്യത നമുക്കുണ്ട്. അവരെ സഭൈക്യത്തിൽ പങ്കാളികളാക്കി മലങ്കരസഭയിൽ നിലനിർത്തേണ്ടത് ഓർത്തഡോക്സ് സഭയുടെ ചുമതലയായി ഏറ്റെടുക്കണം.

ഇതൊക്കെ പറഞ്ഞത് ഓർത്തഡോക്സ്സഭ ഭരണസംവിധാനത്തിലും സഭാജീവിതത്തിലും സഭാന്തര ബന്ധത്തിലുമെല്ലാം പൂർണ്ണതയുള്ളതാണ് എന്നു സ്ഥാപിക്കുവാനല്ല. അങ്ങനെയൊരു അവകാശവാദം എനിക്കില്ല. അതിന് കോടതി അംഗീകരിച്ച സ്ഥാനങ്ങൾ, വ്യക്തമായി നിർവ്വചിക്കപ്പെട്ട സ്ഥാനബന്ധങ്ങൾ, ചുമതലകൾ, അധികാരപരിധികൾ വിവിധസഭാസമിതികളുടെ രൂപീകരണം, പ്രവർത്തനം മുതലായവയെല്ലാം വിശദമാക്കുന്ന ഒരു ഭരണഘടനയുണ്ട്. അതിന്റെ ചട്ടക്കൂട്ടിൽ സഭാകാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിനാൽ നടപടി വ്യവസ്ഥയും അച്ചടക്കവുമുണ്ട്. എങ്കിലും അധികാര കേന്ദ്രീകരണം, അധികാര ദുർവിനിയോഗം, അഴിമതി, ധൂർത്ത് തുടങ്ങിയവ സഭയിൽ കടന്നുകൂടാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. സഭ ഐക്യത്തിൽ വരുമ്പോൾ ആഭ്യന്തര വിമർശനത്തിനും, തിരുത്തലിനുമൊക്കെ സാധ്യത കൂടുതലായി ഉണ്ടാകും. അതായത് ഓർത്തഡോക്സ് സഭയിൽ ദുഷ്പ്രവണതകൾ ഇല്ലാഞ്ഞിട്ടല്ല, അവ നിയന്ത്രിക്കുവാനുള്ള വകുപ്പുകൾ ഉള്ള ഒരു ഭരണഘടന ഉള്ളതിനാൽ ഭരണ സംവിധാനങ്ങൾ ക്രമമായി പ്രവർത്തിക്കും. ഈ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ ഇരുകൂട്ടർക്കും ഐക്യപ്പെട്ട് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യാവകാശങ്ങൾ അനുഭവിച്ച് ഏക സഭയായി നിലനില്ക്കാൻ സാധിക്കും. സഭാംഗങ്ങൾക്കെല്ലാം സുപ്രീം കോടതി അനുവദിച്ചിട്ടുള്ള ഈ അവകാശം യാക്കോബായപക്ഷത്തിന് നിഷേധിക്കരുതല്ലോ.

സഭ ഐക്യത്തിൽ വരുമ്പോൾ സഭാംഗങ്ങൾ എന്ന നില

യിൽ ഇടവകാംഗങ്ങൾക്കുള്ള അവകാശ, സ്വാതന്ത്ര്യങ്ങൾ നഷ്ടപ്പെടുകയല്ല, ഉറപ്പാവുകയാണ്. പള്ളി ഭരണത്തിലും, ഭദ്രാസന-സഭാതലങ്ങളിലുള്ള സമിതികളിൽ എത്തുന്നതുവഴി പള്ളി- ഭദ്രാസന-സഭാഭരണസംവിധാനങ്ങളിലും നിയമാനുസൃത അവകാശങ്ങൾ സ്ഥാപിച്ചു കിട്ടും. അതുവഴി അവയുടെ കാര്യ കർത്തൃത്വത്തിനും അവർക്ക് അവസരം ലഭിക്കും. അങ്ങനെ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് സഭയുടെ വരെ ഗതിയും ഭാവിയും നിയന്ത്രിക്കാൻ അവരുൾപ്പെടുന്ന വിശ്വാസ സമൂഹത്തിന് സന്ദർഭം ലഭിക്കും എന്ന കാര്യം പാത്രിയർക്കീസ് പക്ഷക്കാർ മനസ്സിലാക്കണം. ഐക്യാവസരം ഉപയോഗപ്പെടുത്താതെ പോയാൽ യാതൊരു അവകാശമൊ, ആനുകൂല്യമോ ലഭിക്കുകയുമില്ല. ഭാവിയാകട്ടെ ഒട്ടും സുരക്ഷിതവുമല്ല. ഐക്യവിരുദ്ധരുടെ ദുരുപദേശം കേട്ട് സഭായോജിപ്പിന് തയ്യാറാകാത്ത പക്ഷം അത് അവരെ എവിടെ കൊണ്ടെത്തിക്കുമെന്നും കണ്ടറിയണം. ആ സാഹസിക നിലപാട് എടുക്കേണ്ടതില്ല എന്ന് യാക്കോബായ സഭാംഗങ്ങൾ തീരുമാനിക്കണം. 1995 ലെ കോടതിവിധി വന്നപ്പോൾ അതംഗീകരിച്ചിരുന്നെങ്കിൽ നിയമപരിരക്ഷയോടെ ഇതിനകം ഐക്യസഭയുടെ ഭാഗമായിക്കഴിയാമായിരുന്നു. ഇന്ന് കോടതി നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾ അംഗീകരിച്ച് ഐക്യത്തിൽ വന്നാൽ നിയമാനുസൃതമായ അവകാശങ്ങൾ ഭാവിയിലെങ്കിലും ലഭ്യമാകും. എന്നാൽ ഇതിന് ഇരുഭാഗത്തുനിന്നും തടസ്സങ്ങൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കും. എങ്കിലും സ്വതന്ത്രബുദ്ധി ഉപയോഗിച്ച് കോടതി നൽകിയിരിക്കുന്ന അവകാശങ്ങൾ സ്വായത്തമാക്കുകയാണ് വിവേകവും ശരിയും. 1995 -ലെ കോടതിവിധി അംഗീകരിച്ച് ഐക്യത്തിനുവേണ്ടി പ്രവർത്തിച്ചവർ ഇന്ന് മലങ്കരസഭയിൽ ആ വഴിയിൽ സജീവമായി പ്രവർത്തിക്കുന്നു. അവരുടെ സഹകരണവും പിൻബലവും ഉപയോഗപ്പെടുത്തി സഭൈക്യത്തിനാഗ്രഹിക്കുന്നവർ വ്യക്തിതലത്തിൽ പോലും സഭായോജിപ്പിൽ പങ്കുചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഐക്യവിരോധികൾ യാക്കോബായക്കാർക്കിടയിലെന്നപോലെ ഓർത്തഡോക്സ് സഭയിലുമുണ്ട്. അവരുടെ നിലപാടിൽ പ്രകോപിതരാകാതെയും, സഭൈക്യം തകർക്കുവാൻ തന്ത്രങ്ങൾ മെനയുന്നവരുടെ ഭീഷണികൾക്കു മുമ്പിൽ പതറാതെയും വിശ്വാസികൾ സഭാ യോജിപ്പിന് തയ്യാറാവുകയാണ് സത്വരമായ ആവശ്യം.

നമ്മുടെതാണ് മെച്ചപ്പെട്ട നേതൃത്വമെന്നും മറുഭാഗത്തുള്ളവർ മോശക്കാരാണെന്നും പ്രചാരണം നടത്തി പാത്രിയർക്കീസ്പക്ഷ സഭാധ്യക്ഷന്മാരുടെ ഐക്യത്തിനുവേണ്ടിയുള്ള നീക്കം പ്രതിരോധിക്കുവാനുള്ള ശ്രമവും ശ്രദ്ധയിൽ പ്പെടുന്നുണ്ട്. ഈ സ്വാർത്ഥത ദൈവഹിതത്തിന് നിരക്കുന്നതല്ല എന്ന് കുത്തിത്തിരിപ്പുകാർ മനസ്സിലാക്കുക. ഇപ്പോഴത്തെ കോടതി വിധി ഭൗതിക ഘടകങ്ങൾക്കതീതമായി സംഭവിച്ചതാണ്. ഐക്യത്തിനു വേണ്ടിയുള്ള ദൈവീക ഇടപെടലാണ്. ഇതൊരു ദുർബലമായ വിധിയായിരുന്നെങ്കിൽ ഇവിടെ എന്തു നടക്കുമായിരുന്നു എന്ന് ഓർത്തഡോക്സുകാർ ചിന്തിക്കണം. വസ്തുതകളും, സാഹചര്യവും മനസ്സിലാക്കി കൃത്യമായ വിധിനൽകാനുള്ള ദൈവിക പ്രേരണയാണിതിന് പിന്നിലുള്ളത്. നമ്മുടെ ധിക്കാരവും കുപ്രചരണങ്ങളും എതിർപ്പുമൊന്നും ദൈവം സഹിക്കില്ല എന്നോർക്കണം. ഇത് ദൈവം ഇടപെട്ട് ഉണ്ടായ വിധിയാണെന്നും സഭയുടെ ഐക്യത്തിനുള്ള മാർഗ്ഗരേഖയാണെന്നും അതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കേണ്ടതിന്റെ മുഖ്യ ബാദ്ധ്യത ഓർത്തഡോക്സ് സഭയ്ക്കാണെന്നും തിരിച്ചറിയാൻ കഴിയണം. ഇവിടെ ആവശ്യം വിനയവും നിശ്ചയദാർഢ്യവും ഈശ്വര സമർപ്പണവുമാണ്. സഭായോജിപ്പ് കേരളത്തിലെ നീണ്ട അപ്പോസ്തോലികചരിത്രമുള്ള ഈ വിശ്വാസ സമൂഹത്തെ ക്രിസ്തീയ സാക്ഷ്യനിർവ്വഹണത്തിന് ഒരുക്കുവാൻ സഹായിക്കുമെന്നതിന് സംശയം വേണ്ട.

സഭയുടെ ജീർണ്ണാവസ്ഥയിൽ ഏറെ മന:ക്ലേശമനുഭവിക്കുന്ന വ്യക്തിയാണ് ഞാൻ. ദീർഘകാലമായി സഭാ സേവനരംഗത്തുള്ള ഒരുകുടുംബത്തിലെ അംഗമാണ്. എന്റെ വിദ്യാഭ്യാസകാലത്തിന്റെ ആദ്യഘട്ടം യോജിച്ച സഭയുടെ അംഗമായാണ് ഞാൻ കഴിഞ്ഞതും. അതുകൊണ്ട് സഭയുടെ ഐക്യം എന്റെ കൂടി ദൗത്യമായിട്ടാണ് ഞാൻ കാണുന്നത്. ഈ ആന്തരിക ചോദനയാണ് എന്നെ എന്തും സഹിച്ച് ഈ കാര്യത്തിന് പ്രേരിപ്പിക്കുന്നത്. പലരെയും സംബന്ധിച്ച് സഭൈക്യം വേദശാസ്ത്രപരമോ, നൈതികമോ ആയ ഒരു അനിവാര്യതയാണ്. എന്നാൽ എനിക്ക് അത് വ്യക്തിപരമായ ഒരു ഉൾപ്രേരണയാണ്. ഒപ്പം തന്നെ അത് വ്യക്തിപരമായ ഒരാവശ്യവും ആവേശവും കൂടിയാണ് എന്റെ ജീവിതത്തിൽ വൈദീക ശുശ്രൂഷ ആരംഭിച്ച ആദ്യത്തെ 20 വർഷക്കാലം ഞാൻ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട വ്യക്തി എന്ന നിലയിലാണ് ജീവിച്ചത്. 1990-ൽ ഞാൻ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടതും അവരോധിക്കപ്പെട്ടതും ആദ്യത്തെ ഏഴെട്ടുവർഷങ്ങൾ ശുശ്രൂഷ ചെയ്തതും പാത്രിയർക്കീസ് വിഭാഗത്തിലായിരുന്നെങ്കിലും അക്കാലമത്രയും സഭയിൽ വ്യവഹാരങ്ങൾ അവസാനിച്ച് ഐക്യം ഉണ്ടാകുന്നത് സ്വപ്നം കണ്ടി

രുന്നു. 1995ലെ വിധി വന്ന ഉടനെ അന്നത്തെ ഓർത്തഡോക്സ് പക്ഷത്തിന്റെ അധീശത്വ സമീപനം എനിക്കൊട്ടും സ്വീകാര്യമായിരുന്നില്ല. എന്നിരുന്നാലും എനിക്ക് അവകാശബോധത്തോടെ, നിയമ പരിരക്ഷയോടെ ഐക്യശ്രമത്തിൽ പങ്കാളി ആകുവാൻ സാധിക്കുമെന്ന് ബോധ്യപ്പെട്ടപ്പോൾ ഓർത്തഡോക്സ് സഭയിൽ നിന്നുള്ള ചെറുത്തുനില്പും യാക്കോബായക്കാരുടെ ഭീഷണിയും എനിക്ക് പ്രശ്നമായിരുന്നില്ല. അവരോടുള്ള വിരോധം കൊണ്ടായിരുന്നില്ല ഞാൻ യാക്കോബായ സഭയിൽ വ്യത്യസ്ത നിലപാടെടുത്തത്.

ഓർത്തഡോക്സുകാരിൽ നിന്ന് എന്തെങ്കിലും വാഗ്ദാനം അന്വേഷിച്ചുമില്ല. ഒരു സഭയുടെ ഭാവിയെപ്പറ്റി ചിന്തയുള്ള ഒരു മേൽപ്പട്ടക്കാരൻ എന്ന നിലയിൽ എന്റെ ഉത്തരവാദിത്തം ഞാൻ നിർവ്വഹിക്കുകയായിരുന്നു. ഇരുവശത്തും വൈതരണികൾ സൃഷ്ടിച്ചവരോട് വ്യക്തിപരമായ പിണക്കം ഒരു നിലയിലും എനിക്കില്ല. ഇന്നും സഭൈക്യത്തിനു വേണ്ടി ശ്രമിക്കുന്നവരോട് പ്രത്യേക മമതയും ഐക്യത്തിലേക്ക് വരുവാൻ ആഗ്രഹിക്കുന്നവർക്ക് എളിയ സഹായവും എന്നിൽ നിന്നുണ്ടാകും. കാരണം, പ്രാഥമികമായി സഭൈക്യം എന്റെ ശുശ്രൂഷാജീവിതത്തിലെ സ്വപ്നവും ലക്ഷ്യവും പ്രവർത്തനത്തിനുള്ള പ്രചോദനവുമാണ്. പാത്രിയർക്കീസ് വിഭാഗം എന്നെ എത്ര ആക്ഷേപിച്ചാലും, ആക്രമിച്ചാലും അവരുമായി ഒന്നിച്ചു കഴിഞ്ഞതിന്റെ നല്ല ഓർമ്മകൾ എന്റെ മനസ്സിൽ ഇന്നും സജീവമാണ്. കണ്ടനാട് ഭദ്രാസനത്തിൽ എന്നോട് ആലോചിച്ച് സഭാഐക്യ നിലപാടെടുത്തവരിൽ പലരും പിന്നീട് അതിനോട് നിസ്സഹകരിച്ചു. എങ്കിലും ഞാൻ ചഞ്ചലപ്പെട്ടില്ല. പുതിയ സഹയാത്രികരുടെ നിരന്തരമായ നിഷേധ സമീപനവും കുബുദ്ധി പ്രയോഗങ്ങളുമൊന്നും എടുത്ത തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല. പല സ്നേഹിതരും പുതിയ നിലപാടിന്റെയടിസ്ഥാനത്തിൽ വിടപറഞ്ഞെങ്കിലും ബന്ധങ്ങൾ മുറിക്കാനാവില്ലല്ലോ. വി. പൗലോസിനെ ഏറ്റവുമധികം പീഡിപ്പിക്കുകയും അദ്ദേഹത്തിന്റെ ശുശ്രൂഷകൾ തടസ്സപ്പെടുത്തുകയും ചെയ്തത് സ്വന്തം ജനമായ യഹൂദന്മാർ ആയിരുന്നെങ്കിലും ആ വംശത്തിന്റെ രക്ഷയെപ്പറ്റിയുള്ള സ്വപ്നങ്ങളാണ് റോമലേഖനത്തിൽ ചുരുൾ അഴിയുന്നത് എന്ന് ഓർക്കുക. അതുകൊണ്ട് 1995-ലെ സുപ്രീം കോടതിവിധി മനസ്സിലാക്കാതെയും യോജിപ്പിന് ഭയപ്പെട്ടും കഴിഞ്ഞവർക്ക് സഭൈക്യത്തിലേക്ക് വരുവാൻ കോടതി വീണ്ടും വഴിതുറന്നപ്പോൾ അതുപയോഗപ്പെടുത്തി അവരെ ഐക്യത്തിലെത്തിക്കുക വ്യക്തിപരമായ ഒരു വിളിയായി കൂടി ഞാൻ മനസ്സിലാക്കുന്നു. സഭാ കൂട്ടായ്മയുടെ പുന:സ്ഥാപനം എന്ന സ്വപ്നം മാത്രമല്ല ഇതിന് പ്രേരകം. അവർ വിധി ലംഘിച്ച് പുറത്ത്നിന്ന് തമ്മിലടിച്ച് സ്വയം നശിക്കുന്നതിലുള്ള വ്യഥകൂടി എന്റെ നിലപാടിനടിസ്ഥാനമാണ്. പാത്രിയർക്കീസ് കക്ഷിയിലുള്ള സഹോദരങ്ങളോട് ഓർത്തഡോക്സ് സഭാംഗങ്ങൾക്കുള്ള സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ഉറവ വറ്റിപ്പോയാൽ ആ സഭയ്ക്ക് ദൈവകൃപയുടെ അനുഭവമാണ് നഷ്ടപ്പെടുന്നത്. സഭൈക്യത്തിനു വേണ്ടി മുന്നിട്ടിറങ്ങിയ എന്നോട് സഹകരിച്ച വൈദികരെയും അൽമായ സഹോദരങ്ങളെയും കുത്തിനോവിച്ചവരോട് എനിക്ക് ക്ഷമിക്കാൻ കഴിയുന്നു. ഓർത്തഡോക്സ് സഭയ്ക്ക് മുഴുവനായി അത് സാധിക്കണം. അവർ അന്യരല്ലല്ലോ. അവരുടെ നേതൃത്വം അവരെ ഈ അവസ്ഥയിൽ എത്തിക്കുകയായിരുന്നില്ലേ?

സഭൈക്യം എന്നത് അനായാസമൊ ക്ഷിപ്രസാദ്ധ്യമൊ അല്ല. വളരെ സങ്കീർണ്ണമായ പ്രതിഭാസമാണ്. അതിനുള്ള ശ്രമം സൗഖ്യദാനത്തിന്റെയും അനുരഞ്ജനത്തിന്റെയും പുന:സംഗമത്തിന്റെയും സത്യാന്വേഷണത്തിന്റെയും ശുശ്രൂഷയാണ്. ഇരു വിഭാഗങ്ങളുടെയും അടിയന്തരമായ ആവശ്യവുമാണ്. ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ നിറയുവാൻ അനുവദിക്കുമ്പോഴാണ് ഐക്യം യാഥാർത്ഥ്യമാകുന്നത്. അതിനായി നമുക്കെല്ലാം നമ്മെത്തന്നെ ദൈവസമക്ഷം സമർപ്പിക്കാം.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

'ഒരിടയനും ഒരാട്ടിൻകൂട്ടവും' പ്രകാശനം ചെയ്തു

2017 ജൂലൈ 3-ലെ സുപ്രീം കോടതിവിധിയുടെ വിധിസംഗ്രഹവും പരി. കാതോലിക്കാബാവ, ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത, ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവരുടെ കോടതിവിധി സംബന്ധിച്ച് തയ്യാറാക്കിയ ലേഖനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ കൈപ്പുസ്തകം കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് പരി. കാതോലിക്കാബാവ പ്രകാശനം ചെയ്തു. സഭയിലെ എല്ലാ ഇടവകകളിലേക്കും ഇതിന്റെ കോപ്പികൾ എത്തിക്കാനാണ് സഭാനേതൃത്വം ഉദ്ദേശിക്കുന്നത്.

തിരുവചന വിചാരം

സത്യമാണ് വ്യക്തിയല്ല പ്രധാനം

വേദഭാഗം: ഗലാത്യർ 1:6-8

ഡോ. തോമസ് അത്താനാസ്യോസ്

'ചിലർ നിങ്ങളെ ചിന്താക്കുഴപ്പത്തിൽ ആക്കുന്നു. സുവിശേഷത്തെ കീഴ്മേൽ മറിക്കുവാൻ അവർ ഇച്ഛിക്കുന്നു. ഞങ്ങൾ തന്നെയോ, സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു ദൂതൻ തന്നെയോ ഞങ്ങൾ നിങ്ങളോട് പ്രഘോഷിച്ച സുവിശേഷത്തിന് വിരുദ്ധമായി പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ.'

ഈ വേദഭാഗം പൗലോസ് അപ്പസ്തോലൻ വിരുദ്ധ സുവിശേഷത്തെയും അതിന്റെ പ്രഭവസ്ഥാനത്തെയും അത് നിരാകരിക്കേണ്ടതിന്റെ അനിവാര്യതയെയും പറ്റി പറയുന്നതിന്റെ മുഖവുരയാണ്. വിരുദ്ധ സുവിശേഷം സുവിശേഷത്തെയും അത് നൽകുന്ന സ്വാതന്ത്ര്യത്തെയും തകർത്ത് വിശ്വാസിയെ വീണ്ടും നിയമാചരണങ്ങളുടെ അടിമത്തത്തിലേക്ക് നയിക്കുന്ന പ്രവണതയ്ക്കും അതിന് നേതൃത്വം നൽകുന്ന വ്യക്തികൾക്കും എതിരെയാണ് പൗലോസ് ഇവിടെ പൊട്ടിത്തെറിക്കുന്നത്.

യഹൂദർ ക്രിസ്തീയ വിശ്വാസത്തിൽ വരുമ്പോൾ ന്യായപ്രാമാണത്തോട് കൂറു പുലർത്തണമോ? പ്രത്യേകമായി ചേലാകർമ്മം ആചരിക്കണമോ? എന്നീ കാര്യങ്ങൾ ആദിമ സഭയിൽ ചർച്ചാവിഷയമായി. ആ വിഷയം സംബന്ധിച്ച് തീരുമാനമെടുക്കുവാനായി യരുശലേമിൽ വച്ച് അപ്പോസ്തലന്മാരുടെ നേതൃത്വത്തിൽ സഭായോഗം ചേർന്നു. ന്യായപ്രമാണത്തോട് സമ്പൂർണ്ണ വിധേയത്വം ആവശ്യമില്ലെന്നും ചേലാകർമ്മം അനുഷ്ഠിക്കേണ്ടതില്ലയെന്നും തീരുമാനമുണ്ടായി. എന്നാൽ ഈ തീരുമാനത്തിന്ശേഷവും അതിന് വിരുദ്ധമായി സഭാനേതാക്കന്മാർ പ്രവർത്തിക്കുന്നതിനെതിരായിട്ടാണ്. പൗലോസ് ആഞ്ഞടിക്കുന്നത്. അദ്ദേഹം വ്യക്തമായി അവരുടെ പേരിൽ കുറ്റാരോപണം നടത്തുന്നു. അവർ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം നിഷേധിച്ച് നിയമത്തിന്റെ അടിമത്തത്തിന് വിധേയപ്പെടുന്നു (ഗലാ. 2:5). ആനീക്കത്തിന്റെ തലതൊട്ടപ്പനും സംരക്ഷകനും പത്രോസ് അപ്പോസ്തലനാണ് (2:11). അതുകൊണ്ട് അദ്ദേഹത്തിന്റെ മുഖത്തുനോക്കി പൗലോസ് സത്യസന്ധതയില്ലായ്മയുടെയും നാട്യത്തിന്റേയും പേരിൽ ശകാരിച്ചു (ഗലാ. 2:12-2). പത്രോസ് സ്വയം നിന്ദിതനായി അവിടെ നിന്നു. ചില യഹൂദ ക്രിസ്ത്യാനികൾ പത്രോസിന്റെ നിലപാടിൽ പങ്കുചേർന്നു.

വിരുദ്ധ സുവിശേഷം എന്നത് ക്രിസ്തുവിശ്വാസികൾക്ക് പരിച്ഛേദന നിർബന്ധമാക്കുന്ന കാര്യവും അതിന്റെ പിന്നിലുള്ളവർക്ക് പിന്തുണ നൽകുന്നത് പത്രോസ് ആണെന്ന വസ്തുതയും ഇവിടെ വ്യക്തമാണ്. അതായത് വിരുദ്ധ സുവിശേഷമാകുന്ന ന്യായപ്രമാണം നിർബന്ധിതമാക്കുന്നതിന് പ്രചാരണം നടത്തുന്നത് പത്രോസും പാർശ്വവർത്തിളുമാണ്. അതുകൊണ്ട് സുവിശേഷം വിട്ട് പ്രവർത്തിച്ചാൽ ശാപഗ്രസ്തരാകുന്നത് പത്രോസും കൂടെയുള്ളവരുമാണെന്ന കാര്യം വിദഗ്ദ്ധമായി പൗലോസ് അവതരിപ്പിക്കുന്നു. ഒരു വ്യക്തി ഒരിക്കലും ഒരു സ്ഥാപനത്തിന്റെ ആധികാരികത ഉറപ്പാക്കുന്നില്ല. അയാളുടെ നിയോഗത്തോടുള്ള പ്രതിബദ്ധതയാണ് ആ വ്യക്തിയുടെ സ്ഥാനവുമായുള്ള ബന്ധത്തിന് ആധികാരികത നൽകുന്നത്. അതുകൊണ്ട് സഭാധികാരികൾ ആരായിരുന്നാലും അവർ ആ സ്ഥാനത്തിരിക്കുന്നതുകൊണ്ട് അംഗീകൃതരാകുന്നില്ല. നേരെമറിച്ച് അവരുടെ നിയോഗം പ്രവർത്തിപഥത്തിൽ കുറ്റമില്ലാത്തതാകുമ്പോഴാണ് എന്ന് സൂചന. അതുകൊണ്ടാണ് പത്രോസിന്റെ സത്യവിരുദ്ധമായ നിലപാടിനെതിരെ ശക്തമായി പൗലോസ് പ്രതികരിച്ചുകൊണ്ട് മുഖത്തുനോക്കി ശകാരിക്കുന്നത്. ഇതിനെ നേതൃത്വത്തിലുള്ളവരോടുള്ള പ്രവാചക ധർമ്മനിർവ്വഹണമായി കാണണം. സഭയിലെ ഒരു സ്ഥാനവും വിമർശനമുക്തമാകാതിരിക്കാനും വ്യക്തി-സ്ഥാനിപൂജ തിന്മയാണെന്ന് തിരിച്ചറിയാനും സാധിക്കണം തെറ്റായ ഉപദേശങ്ങളെ പ്രതിനിധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് അധർമ്മികൾ, നീതി പ്രവർത്തിക്കാത്തവർ, സുവിശേഷത്തിന് വില കല്പിക്കാത്തവർ എന്നിവരെല്ലാം എത്രതന്നെ ഉന്നതരായാലും ശപ്തരാണെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. അങ്ങനെയുള്ളവരുടെ സ്ഥാനം വിശദമാക്കുവാൻ പൗലോസ് പറയുന്നു, അവർ ദൈവസന്നിധിയിൽ നിൽക്കുന്ന മാലാഖമാർ ആണെങ്കിൽ പോലും തിരസ്കൃതരാണ്. അത്യുന്നത സ്ഥാനത്തിരുന്നു എന്നുകരുതി ഒരുവന്റെ വചനവും പ്രവൃത്തിയും അംഗീകൃതമാകുന്നില്ല. സഭാശുശ്രൂഷകർ ആരും സ്വാഭാവികമായി പിഴവില്ലാത്തവരോ വിമർശനാതീതരോ ആകുന്നില്ല. തെറ്റുകൾ, അധർമ്മങ്ങൾ എന്നിവയിലൂടെ വഴി തെറ്റു

വേദപുസ്തകപഠനം

ചുമതല പങ്കുവയ്ക്കുന്ന നേതൃത്വം

ഡോ തോമസ് അത്താനാസ്യോസ്

'ആ നാളുകളിൽ ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചുവന്നുകൊണ്ടിരുന്നു. ഭക്ഷണത്തിന്റെ വിതരണ സംവിധാനത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നു എന്ന് യവനർ എബ്രായരുടെ പേരിൽ പരാതി പറഞ്ഞു. അപ്പോൾ അപ്പോസ്തോലന്മാർ 12 പേരും കൂടി ശിഷ്യസമൂഹത്തെ വിളിച്ചു വരുത്തി ഇപ്രകാരം പറഞ്ഞു: "ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ പരിചരിക്കുന്നത് ശരിയല്ല. അതിനാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞവരായി നല്ല സാക്ഷ്യമുള്ള ഏഴ് പേരെ നിങ്ങളുടെയിടയിൽ നിന്നു തന്നെ തെരഞ്ഞെടുത്ത് കൊൾവിൻ. അവർക്ക് ഈ ചുമതല നൽകാം. ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും വ്യാപൃതരായിരിക്കും." ശിഷ്യസമൂഹത്തിന് ഈ വാക്കുകൾ പ്രീതീകരമായിരുന്നു. അവർ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ സ്തേഫാനോസ്, ഫിലിപ്പോസ്, പ്രൊഖൊരോസ്, നിക്കാനോർ, തീമോൻ, പർമ്മെനാസ്, യഹൂദാ മതാനുസാരിയായ അന്ത്യോഖ്യാക്കാരൻ നിക്കലാവോസ് എന്നിവരെ തെരഞ്ഞെടുത്തു. അവരെ അപ്പോസ്തോലന്മാരുടെ മുമ്പാകെ നിർത്തി. അവർ അവർക്കുവേണ്ടി പ്രാർത്ഥിച്ച് കൈകൾ അവരുടെ മേൽവച്ചു.' (അപ്പോ. പ്രവൃ. 6:1-6)

ആദിമസഭയിലെ ശെമ്മാശ സമൂഹത്തിന്റെ ഉല്പത്തിയെയാണ് ഇവിടെ പരാമർശിക്കുന്നത്. ഇവർ സഭയുടെ ഒരു പ്രശ്നസാഹചര്യത്തിൽ ഒരു പ്രത്യേക പ്രവൃത്തി നിർവ്വഹിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. ശെമ്മാശൻ/ഡിയാക്കോൻ എന്ന പദത്തിന്റെ അർത്ഥം 'വിളമ്പുകാരൻ'/ 'ഭക്ഷണത്തിനിരിക്കുന്നവരെ ശുശ്രൂഷിക്കുന്നവൻ' എന്നാണ്. ഈ വാക്ക് യേശുതമ്പുരാൻ തന്റെ ശുശ്രൂഷയെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട് (വി. മർ ക്കോസ് 10:45, വി. ലൂക്കോസ് 22:27). പിൽക്കാലത്ത് സഭയിൽ സാമ്പത്തി ക ചുമതല വഹിക്കുക, ആരാധനയിൽ പുരോഹിതനെ സഹായിക്കുക മുതലായ ഉത്തരവാദിത്തങ്ങൾ ഇവർക്ക് ലഭ്യമായതായി പുതിയനിയമത്തിൽ നാം വായിക്കുന്നു. എപ്പിസ് കോപ്പ, പ്രെസ്

മ്പോൾ വിമർശനം വഴി അവരെ തിരുത്തുവാനുള്ള സ്വാതന്ത്ര്യമാണ് പൗലോസ് ഇവിടെ സൂചിപ്പിക്കുന്നത്.

ഇതോടൊപ്പം തന്നെ സഭയുടെ നേതൃത്വത്തെപ്പറ്റിയും പൗലോസ് പരാമർശിക്കുന്നുണ്ട്. യഹൂദ ക്രിസ്ത്യാനി സമൂഹത്തിന്റെ നേ താക്കൾ യാക്കോബും യോഹന്നാനും പത്രോസും ആണെന്ന് പൗലോസ് പറയുന്നു. 'പത്രോസ് കേന്ദ്രീകൃത'മായ സഭാസംവിധാനമല്ല, മറിച്ച് മൂന്ന് പ്രധാന തൂണുകളുള്ള സംവിധാമായിട്ടാണ് സഭയെ പൗലോസ് വിശദീകരിക്കുന്നത്. സഭയുടെ കേന്ദ്രീകൃതമായ ഏകനായകത്വമല്ല, പ്രത്യുത, നേതൃത്വ കൂട്ടായ്മയെപ്പറ്റിയുള്ള ധാരണയാണ് പൗലോസിനുള്ളത്. ദൈവീക സങ്കല്പം പോലും ഒരു കൂട്ടായ്മയാണ്. അതുകൊണ്ട് സഭയുടേത് ഏകനായകത്വ വിരുദ്ധചിന്തയാണ്. ഓർത്തഡോക്സ് സഭകൾ സിനോഡിക്കൽ നേതൃത്വത്തിന് ഊന്നൽ കൊടുക്കുന്നതുകൊണ്ട് സിനഡിന്റെ അദ്ധ്യക്ഷനെ സഭയുടെ തലവൻ (മോഡറേറ്റർ) ആയി പരിഗണിക്കുന്നു എന്നേയുള്ളൂ.

ഈ നേതൃത്വ പരിഗണനയ്ക്ക് സാർവ്വത്രിക അംഗീകാരമില്ല. യഹൂദ, വിജാതീയ സഭകളുടെ കാര്യം വരുമ്പോൾ പത്രോസ് യഹൂദക്രിസ്ത്യാനികളുടെ അപ്പോസ്തലനും പൗലോസ് വിജാതീയ ക്രിസ്ത്യാനികളുടെ അപ്പോസ്തലനുമാണ്. അല്ലാതെ പത്രോസ് പൊതുസഭയുടെ ഏക നായകനല്ല. പൗലോസിനോടൊപ്പം സംയുക്ത നേതൃത്വത്തിലെ പങ്കാളിയാണ്. അതാണ് നേതൃത്വബന്ധങ്ങൾ വ്യത്യാസപ്പെടുന്നതിനനുസരിച്ച് നേതൃത്വഘടനയും മാറുന്നത്. അതായത് നേതൃത്വത്തിന് സാർവ്വത്രികത ഇല്ല. അതൊരു സംഭ്രാതൃത്വമാണ്. നമുക്ക് ഏക നായകൻ ക്രിസ്തു മാത്രം. ഏക ആശയം വിമോചിപ്പിക്കുന്ന സുവിശേഷവും.

പൗലോസിന്റെ ഈ നിരീക്ഷണങ്ങൾ ഏതെങ്കിലും പൗരോഹിത്യസ്ഥാനിക്ക് അപ്രമാദിത്വം നൽകി വ്യക്തിപൂജ വളർത്തുന്ന പ്രവണതയ്ക്ക് കർക്കശമായ താക്കീതായി പരിഗണിക്കാം. വീഴ്ച ആർക്കും വരാം. വിശ്വാസികൾ ജാഗ്രത പുലർത്തുകയും ആവശ്യമുള്ളപ്പോൾ ശക്തമായ താക്കീത് നൽകുകയുമാണാവശ്യം. വിശ്വാസജീവിതം നിയന്ത്രിക്കുന്നതാകട്ടെ വിമോചനക്ഷമമായ സുവിശേഷത്താലാണ്. □

ബിറ്റർ എന്നിവരോടൊപ്പം വ്യത്യസ്ത ചുമതകൾ ഇവർ വഹിക്കുന്നതായി കാണുന്നു (ഫിലി. 1:1, 1 തിമോ. 3:8-12). എന്നാൽ ഈ ചുമതലകൾ ഈ സ്ഥാനം നിലവിൽ വന്നകാലത്ത് ഇവർക്കുണ്ടായിരുന്നില്ല.

ശെമ്മാശന്മാരെ ആദ്യമായി നിയോഗിച്ചത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. യെരുശലേമിൽ അന്നുണ്ടായിരുന്ന ശിഷ്യസമൂഹത്തിൽ ഒരു പ്രശ്നമുണ്ടായി. അവരിൽ യഹൂദഭാഷ ഉപയോഗിക്കുന്നവരും ഗ്രീക്ക് ഭാഷ സംസാരിക്കുന്നവരും ഉണ്ടായിരുന്നു. ഭാഷയുടെയും സംസ്ക്കാരത്തിന്റെയും വ്യത്യാസത്തിൽ അപ്പോസ്തോലന്മാരുടെ കാലത്തുപോലും വിശ്വാസസമൂഹത്തിൽ തർക്കവും വേർതിരിവുമുണ്ടായിരുന്നു. ഏത് കാലത്തും സഭയിൽ വിഭാഗീയത തലപൊക്കവാനുള്ള സാധ്യതയുടെ സൂചനയാണിത്.

ഇവിടെ, താരതമ്യേന എണ്ണത്തിൽ കുറവായിരിക്കാൻ സാധ്യതയുണ്ടായിരുന്ന ഗ്രീക്ക് ഭാഷക്കാരായ വിധവകൾ ദിവസംതോറുമുള്ള ഭക്ഷണത്തിന്റെ അളവിലും ഗുണത്തിലും അവഗണിക്കപ്പെട്ടിരുന്നു. എണ്ണത്തിൽ കുറവ്, പോരാത്തതിന് വിധവകൾ. എണ്ണത്തിലും ബലത്തിലും പിന്നാക്കമായവർ എത്രനല്ല വിശ്വാസ സമൂഹത്തിലും അവഗണിക്കപ്പെടാനുള്ള സാധ്യതയുണ്ട്. ഈ അനീതി സഭാനേതൃത്വത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയാണവർ. ഈ വിഷയത്തിന്റെ പേരിൽ ചേരിതിരിഞ്ഞ് പോരിനിറങ്ങുന്ന പ്രവണതയല്ല നാമിവിടെ കാണുന്നത്. മറിച്ച്, അപ്പോസ്തോല സമൂഹത്തെ വിവരം ധരിപ്പിച്ച് പരിഹാരം തേടുന്ന സമാധാനശ്രമമാണ്.

അപ്പോസ്തോലന്മാർ ഈ പ്രശ്നം കൈകാര്യം ചെയ്തരീതിയാണ് പ്രത്യേക ശ്രദ്ധ അർഹിക്കുന്നത്. തികഞ്ഞ സംവേദനത്വവും നീതിബോധവുമാണ് അവർ പ്രകടമാക്കിയത്. ഇവിടെ ഭൂരിപക്ഷത്തിന്റെയോ സ്വാധീനത്തിന്റെയോ പേരിൽ നേതൃത്വം നിലപാടെടുക്കുകയല്ല; പ്രത്യുത അനീതി കൂട്ടായ്മയെ നശിപ്പിക്കുമെന്ന് മനസ്സിലാക്കി നീതി നടപ്പാക്കുകയാണ് അപ്പോസ്തോലസംഘം. തർക്കങ്ങളുണ്ടാകുമ്പോൾ പക്ഷംപിടിക്കുകയല്ല, സത്യംഗ്രഹിച്ച് ന്യായം നടപ്പാക്കുകയാണ് സഭാ നേതൃത്വത്തിന്റെ സ്വഭാവം. സഭാസമൂഹത്തിൽ തർക്കങ്ങൾ തലപൊക്കുമ്പോൾ കക്ഷിചേർന്ന് വിഭജനം പൂർണ്ണമാക്കുകയല്ല; നീതി നടപ്പാക്കി ഐക്യം പുനഃസ്ഥാപിക്കുകയാണ് ശരി.

അപ്പോസ്തോലന്മാർ തർക്കപരിഹാരത്തിന് സ്വയം നടപടി എടുക്കുകയായിരുന്നില്ല. ദൈവജനത്തെ മുഴുവനും വിളിച്ചുകൂട്ടി. അനീതി നിലവിലിരിക്കുന്നിടത്ത് അത് പരിഹരിക്കുവാനുള്ള സംവിധാനമുണ്ടാക്കണം എന്ന് നിർദ്ദേശിച്ചു. അതിന് യോഗ്യരായവരെ ജനം തിരഞ്ഞെടുത്ത് അവർവഴി പ്രശ്നം അവസാനിപ്പിക്കണം.

ഭക്ഷണവിതരണം നീതി പൂർവ്വകമാക്കുന്നതിൽ ഇടപെടാനേ അപ്പോസ്തോലന്മാർക്ക് ഭാവമില്ല. പുതിയ പ്രശ്നത്തെ പ്രതി അവരുടെ പ്രാഥമിക ധർമ്മമായ തിരുവചനശുശ്രൂഷ ഉപേക്ഷിക്കുവാനോ ലഘൂകരിക്കുവാനോ അവർ തയ്യാറല്ല. നേതൃത്വത്തിന്റെ മുഖ്യ പ്രവർത്തനമേഖല ആദ്ധ്യാത്മീകമെന്ന് അവർക്കറിയാം. വിഭവങ്ങൾ കൈകാര്യം ചെയ്യലല്ല. അതിനു യോഗ്യരായവരെ തെരഞ്ഞെടുക്കുവാനാണ് അവരുടെ നിർദ്ദേശം. അധികാരവും സമ്പത്തും സ്വയം കൈകാര്യം ചെയ്യാനുള്ള വ്യഗ്രതയാണ് സഭയുടെ പിൽക്കാല പിളർപ്പുകളിൽ പലതിലും നിർണ്ണായക പങ്ക് വഹിച്ചിരിക്കുന്നത് എന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്നു.

ബാദ്ധ്യതകൾ വർദ്ധിക്കുമ്പോൾ അവ പങ്കുവയ്ക്കുന്നതിനുള്ള മനോഭാവം ആവശ്യമാണ്. എല്ലാം തങ്ങളിൽ ഒതുക്കുകയല്ല നേതൃത്വം ചെയ്യേണ്ടത്. പ്രാർത്ഥനയും വചനശുശ്രൂഷയുമാണ് തങ്ങളുടെ പ്രാഥമിക ചുമതലകൾ എന്ന് തിരിച്ചറിഞ്ഞ് മറ്റുള്ള ചുമതലകൾ ഇതരർക്ക് നൽകുന്ന അപ്പോസ്തോലിക നേതൃത്വം ഏത് കാലത്തും സഭയ്ക്ക് ദീപ്തമാതൃകയാണ്. ഇവിടെ അപ്പോസ്തോലന്മാർ വിശ്വാസി സമൂഹത്തെ വിളിച്ചുകൂട്ടി ഒരു നിർദ്ദേശം വയ്ക്കുന്നു. അതിന്റെ അംഗീകാരവും നടത്തിപ്പും ശിഷ്യസമൂഹം ഏറ്റെടുക്കുന്നു. ശിഷ്യജനത്തിന്റെ കഴിവിലും ആത്മാർത്ഥതയിലും ദൈവനടത്തിപ്പിലും അപ്പോസ്തോലന്മാർക്ക് സന്ദേഹമില്ല. അധികാരത്തിന്റെ കടിഞ്ഞാൺ തങ്ങളുടെ കയ്യിൽ ഇരിക്കട്ടെ എന്ന നിർബന്ധവുമില്ല. അതുകൊണ്ട് അവർ വയ്ക്കുന്ന നിർദ്ദേശത്തിൽ ജനം തൃപ്തരായി തുടർനടപടികൾക്ക് തയ്യാറാകുന്നു.

സഭാനേതൃത്വം സ്വന്തം പരിമിതികൾ തിരിച്ചറിയുന്നു. തങ്ങൾക്ക് സമയമില്ല, പ്രാവിണ്യമില്ല. അതുകൊണ്ട് അറിവും പ്രാപ്തിയുമുള്ളവരെ അധികച്ചുമതലകൾ ഏല്പിക്കുന്നു. അധികാരവും, കർതൃത്വവും നേതൃത്വത്തിൽ നിലനിർത്താനുള്ള പ്രവണതയാണ് ഇന്ന് കാണുന്നത്. ഓരോ വിഷയത്തിലും പ്രാവിണ്യവും പരിചയവുമുള്ളവരെ വിവിധ സഭാശുശ്രൂഷകളിൽ പ്രയോജനപ്പെടുത്തുന്നതിന് അപ്പോസ്തോല സമൂഹം വച്ച നിർദ്ദേശം സഭാനേതൃത്വത്തിന് എക്കാലവും നല്ലമാതൃകയാണ്.

ശിഷ്യസമൂഹം വിവേകപൂർവ്വം അപ്പോസ്തോലന്മാരുടെ

നിർദ്ദേശത്തോട് പ്രതികരിക്കുന്നതായി ഇവിടെ കാണുന്നു. അവരെ പ്രീതിപ്പെടുത്തി ജനത്തിന്റെ ചിന്തയ്ക്ക് അംഗീകാരയോഗ്യമായ ആലോചനകൾ വയ്ക്കുകയും അതിന്റെ നടത്തിപ്പിന് അവരുടെ സഹകണം ആവശ്യപ്പെടുകയും ചെയ്യുമ്പോൾ എപ്പോഴും പരിപക്വവും പ്രായോഗികവുമായ പ്രതികരണം അവരിൽ നിന്ന് ഉണ്ടാകാതിരിക്കില്ല. ജനമധ്യത്തിൽ നിന്ന് സ്തേഫാനോസ് തുടങ്ങി ഏറ്റവും മികച്ച ഏഴുപേരെ തെരഞ്ഞെടുത്തത് ഇതാണ് കാണിക്കുന്നത്. ദൈവജനത്തിന്റെ സഹകരണം നിരാകരിച്ചുകൊണ്ട് സ്വാർത്ഥതാ പ്രേരിതരായി പ്രവർത്തിക്കുന്ന നേതൃത്വത്തിന് പ്രവൃത്തിരൂപത്തിലുള്ള മുന്നറിയിപ്പായി അപ്പോസ്തോലന്മരുടെ നടപടിയെ കണക്കാക്കാം.

വിശ്വാസസമൂഹം വളരെ യോ ഗ്യമായി കാര്യങ്ങൾ നിർവ്വഹിക്കുന്നു. ശെമ്മാശന്മാരുടെ തെരഞ്ഞെടുപ്പിൽ ശ്ലീഹന്മാർ ഒരുതരത്തിലും ഇടപെടുന്നില്ല. ജനം തികച്ചും സ്വതന്ത്രമായി തെരഞ്ഞെടുപ്പ് നടത്തുന്നു. നല്ല സാക്ഷ്യം നേടിയവരും പരിശുദ്ധാത്മാവ് നിറഞ്ഞവരും വിവേകശാലികളുമായ ഏഴുപേരെ അവർ തെരഞ്ഞെടുത്തു. മേശമേൽ ശുശ്രൂഷിക്കുന്നവരുടെ തെരഞ്ഞെടുപ്പിൽ പോലും പരിഗണിക്കേണ്ട ഗുണങ്ങൾ ശ്രദ്ധിക്കുക. സഭയിലെ സ്ഥാനികൾ, പള്ളിയുടെ ഭരണക്കാർ തുടങ്ങിയവരുടെ തെരഞ്ഞെടുപ്പ് എത്ര ഗൗരവപൂർവ്വവും യോഗ്യതകൾ കണക്കിലെടുത്തുമാണ് നിർവ്വഹിക്കേണ്ടത് എന്നതിന്റെ സൂചനയുണ്ടിവിടെ. സഭയുടെ ആ ത്മീയ-ഭരണ-സാമ്പത്തിക മേഖലകളിൽ പ്രവർത്തിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിൽ വ്യക്തമായ യോഗ്യതകളും ഗുണവിശേഷങ്ങളും നിർദ്ദേശിക്കുവാൻ സഭാനേതൃത്വത്തിന് സാധിക്കണം.

ജനം തെരഞ്ഞെടുത്ത ഏഴ് പേർ ആരായിരുന്നു എന്നുകൂടി അറിയേണ്ടതുണ്ട്. അവരെല്ലാവരും യവനപശ്ചാത്തലമുള്ളവരായിരുന്നു. എബ്രായ ഭൂരിപക്ഷമുള്ള ഒരു സമൂഹത്തിലാണ് ഏഴ് യവനഭാഷാ ന്യൂനപക്ഷക്കാർ തെരഞ്ഞെടുക്കപ്പെട്ടത്. എബ്രായരിൽ നിന്ന് ഒരാൾ പോലുമുണ്ടായിരുന്നില്ല. അധികാരം പിടിച്ചെടുക്കുന്നതിന് ഇവിടെ ശ്രമം നടക്കുന്നില്ല. ന്യൂനപക്ഷത്തെ വിശ്വസിച്ച് മുഴുവൻ ചുമതലയും അവർക്ക് വിട്ടുകൊടുത്ത് അനീതിയെ അകറ്റി നിർത്തുന്ന സമീപനം. പ്രശ്നബാധിതരെ വിശ്വാസത്തിലെടുക്കുന്ന രീതി. വ്യത്യസ്തരെ മിത്രമാക്കി വിശ്വാസം ആർജ്ജിക്കുവാൻ ഭൂരിപക്ഷം വിഭാഗം നടത്തുന്ന ക്രിസ്തീയ മാർഗ്ഗം. അതാണ് ദൈവജനം അവലംബിച്ചത്. അനീതി അനുഭവിക്കുന്നവർക്ക് ചുമതല നൽ കുമ്പോൾ യഥാർത്ഥത്തിൽ പ്രശ്നപരിഹാരത്തിന് വഴിയൊരുങ്ങുകയാണ്. ന്യൂനപക്ഷത്തെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ അവരിൽ നിന്നുണ്ടാകുന്ന സഹകരണം സഭാകൂട്ടായ്മ ശക്തമാക്കും.

ഓരോ സഭാകേന്ദ്രത്തിനും ഈ തുറന്ന മനോഭാവം എത്ര അഭികാമ്യമാണ്! നൂറുവർഷമായി വിഭാഗീയത നിലനിൽക്കുന്ന മലങ്കരസഭാ സമൂഹത്തിൽ ഈ അപ്പോസ്തോലിക മാതൃകയ്ക്ക് കഴിഞ്ഞകാലം എന്ത് അംഗീകാരം സിദ്ധിച്ചുവെന്ന് അന്വേഷിക്കുന്നത് നല്ലതാണ്. ഈ സഭയിൽ ഒരു നൂറ്റാണ്ടായി ചേർന്നു നിൽക്കുന്ന ദളിതരോടുള്ള സഭയുടെ ബന്ധത്തിൽ നീതി അവഗണിക്കപ്പെട്ടു എന്നത് യാഥാർത്ഥ്യം ആണ്. ഇടവകകളിൽ ഭിന്നതയുണ്ടാകുമ്പോൾ ന്യൂനപക്ഷത്തിന്റെ നേർക്ക് നടക്കുന്ന അന്യായങ്ങൾ ശ്രദ്ധിക്കാറില്ല. സമൂഹത്തിൽ അനീതി നടക്കുമ്പോൾ അതിനെതിരെ സഭയുടെ ശബ്ദം ഉയരാറുമില്ല. ഇതൊക്കെ ഈ വേദഭാഗത്തോടു ചേർത്ത് ചിന്തിക്കേണ്ട കാര്യങ്ങളാണ്.

അനീതി തിരിച്ചറിയുകയും അതിന്റെ പരിഹാരത്തിന് നീതിപൂർവ്വം നിലപാടെടുക്കുകയും ചെയ്യുന്ന നേ തൃത്വത്തിനു മാത്രമേ ഐക്യവും കൂട്ടായ്മയും സഭയിൽ സാക്ഷിക്കാനാവൂ. സഭാജനത്തിന്റെ വരദാനങ്ങളും വ്യക്തികളുടെ നേതൃത്വഗുണവും കണ്ടെത്തുകയും സഭയുടെ കെട്ടുപണിക്ക് ഉപയോഗപ്പെടുത്തുകയും ചെയ്താൽ മാത്രമേ സഭ വളരുകയുള്ളൂ. മുടക്കുന്നതിലും പുറത്താക്കുന്നതിലും ഹരം കണ്ടെത്തുന്ന സഭ അതിന്റെ ദൗത്യം വിസ്മരിക്കുന്നു. അധികാരവും വിഭവങ്ങളും സ്വന്തം കയ്യിലൊതുക്കാൻ ശ്രമിക്കുന്ന നേതൃത്വത്തിന് സമാധാനം സൃഷ്ടിക്കുവാൻ സാധ്യമല്ല. ഇവയെല്ലാം ഈ വേദഭാഗം നൽകുന്ന മുന്നറിയിപ്പുകളാണ്.

അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക്	-	100 രൂ.
ആയുഷ്ക്കാലം	-	1000 രൂ.
വിദേശത്ത്	-	6000 രൂ. (100 ഡോളർ)

RNI No. KERMAL/2012/46014 Date of Publication 15-8-2017 Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment

(2-ാം പേജിൽ നിന്ന് തുടർച്ച)

ഇപ്പോഴും സ്ഥിതിഗതികൾക്ക് കാര്യമായ മാറ്റമുണ്ടായിട്ടില്ല. എന്നിരുന്നാലും ജൂലായ് 3-ലെ വിധി യാക്കോബായ സഭയിൽ വലിയ അങ്കലാപ്പ് സൃഷ്ടിച്ചിരിക്കുകയാണ്. കാരണം, മലങ്കരസഭയുടെ കയ്യടക്കിവച്ചിരിക്കുന്ന എല്ലാ പള്ളികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, സ്വത്തുക്കളിൽ നിന്നും യാക്കോബായക്കാർക്ക് പടിയിറങ്ങേണ്ട നിയമപരമായ സാഹചര്യം സംജാതമായിരിക്കുകയാണ്. കഴിഞ്ഞ നീണ്ട 22 വർഷങ്ങളായി ഈ ഭദ്രാസനനേതൃത്വവും വൈദീകരും വിശ്വാസികളും അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾക്കും, നഷ്ടങ്ങൾക്കും, അക്രമങ്ങൾക്കും അന്ത്യംകുറിക്കുവാൻ പോരുന്ന വിധിയാണ് ഇപ്പോൾ ഇന്ത്യയിലെ പരമോന്നത കോടതിയിൽ നിന്നുണ്ടായിരിക്കുന്നത്.

ഇത്രയും കാലം തികഞ്ഞ ആത്മസംയമനത്തോടും, സഹിഷ്ണുതയോടും, ശുഭാപ്തിവിശ്വാസത്തോടും കൂടി ഈ അവഹേളനങ്ങളും അക്രമങ്ങളും ക്ഷമാപൂർവ്വം നേരിടുകയും അതിജീവിക്കുകയും ചെയ്ത അഭി.തിരുമേനിയേയും ബഹു.വൈദികരേയും വിശ്വാസികളേയും ഡയോസിസൻ ബുള്ളറ്റിൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു, അനുമോദിക്കുന്നു. അഖണ്ഡമായ മലങ്കരസഭ എന്ന അവരുടെ സ്വപ്നം വൈകാതെ പൂർണ്ണമായും സഫലമാകട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം തന്നെ പലവിധ സമ്മർദ്ദങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴിപ്പെട്ട് ഭദ്രാസന നേതൃത്വത്തോടും പരി.സഭയോടും അകന്നുനിൽക്കുന്ന എല്ലാവരും ഒരുമനസ്സോടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് ഒത്തുചേരുന്ന സുദിനത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കവിത

എക്യുമെനിസം

ഫാ. ബിനോയി ജോൺ

ഒരുമിച്ചൊരുമിച്ചൊരു സഭയായ്
ഒരുമയൊടാരാധനയർപ്പി-
ച്ചൊരു ബലിവേദിക്കഭിമുഖമായ്
നിരചേർന്നീടുക നാമൊന്നായ്

കുഞ്ഞാടും ചെന്നായുമിനി
ഒന്നിച്ചിങ്ങു വസിക്കട്ടെ
'തച്ചൻ' തീർത്തൊരു പുരയിൽ നാം
ഒത്തൊരുമിച്ചു വസിച്ചീടാം

ഗുരുവരനീശനരുൾചെയ്തു:
ഞാനും താതനുമൊന്നല്ലോ-
തുപോൽ നിങ്ങളുമൊന്നായീ
ധരണിയിൽ സ്വർഗ്ഗം പണിയേണം

ഭിന്നത, സ്വാർത്ഥത, താല്പര്യ-
ങ്ങൾക്കിടയേകരുതേ ഹൃദയത്തിൽ
'തച്ചൻ' ഗുരുവിൻ ശിഷ്യർ നാം
എന്ന് മറക്കരുതൊരു നാളും

അന്തിയുറങ്ങാനിടമില്ലാത്തോ-
രവഗണിതർക്കൊരു തുണയായി
അലയുവതാരവനല്ലോ തൻ
തല ചായ്ക്കുന്നു മരക്കുരിശിൽ!

കുറിപ്പ്: യെശയ്യാ 65:25

ഡയോസിസൻ ബുക്ക് സെന്റർ

അരമന കോംപ്ലെക്സ്,
മൂവാറ്റുപുഴ

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ

വടകര, കൂത്താട്ടുകുളം
Ph: 9961636342, 9446450231

വി. കുർബ്ബാനാനുഭവ ധ്യാനം : ശനി 8 a.m. to 12.30 p.m.
മദ്ധ്യസ്ഥപ്രാർത്ഥന : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.
ഞായർ വി. കുർബ്ബാന : 6.30 a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും
അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha